



# Litera

## the digital magazine

littlekites 2022 ghs meppadi

# ആശംസ



*പ്രദീപ് കുമാർ എൻ. വി*

*പ്രിൻസിപ്പൽ, GHSS മേപ്പാടി*

*മേപ്പാടി ഹയർ സെക്കണ്ടറി സ്കൂൾ ഹൈസ്കൂൾ വിഭാഗം ഐ .ടി . ക്ലബ്ബിന്റെ*

*നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ ഒരുങ്ങുന്നു എന്നറിയുന്നതിൽ വലിയ*

*സന്തോഷം.*

*നിങ്ങളുടെ അറിവുകളും ഭാവനകളും വാക്കുകളും വരകളുമായി അതിൽ നിറയട്ടെ.*

*ഒരു വാക്കും വെറും വാക്കല്ലല്ലോ.*

*വാക്കിൻ പൊരുളറിയാനും വാക്കിൽ പൊരുളു നിറയ്ക്കാനും*

*വാക്കിലൊതുങ്ങാത്ത ആശംസകൾ !*

# ആശംസ



മുഹമ്മദ് അഷ്റഫ്

പ്രധാന അദ്ധ്യാപകൻ

*കോവിഡ് എന്ന മഹാമാരിയും  കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും മനുഷ്യ ജീവിതത്തെ ദുഷ്കരമാക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇത്തരം പ്രയാസങ്ങളെ സർഗ സൃഷ്ടിയിലൂടെ മനുഷ്യവർഗം എക്കാലവും തരണം ചെയ്തിട്ടുണ്ട്.*

*ലോക വിജ്ഞാനം വിരൽത്തുമ്പിലൊതുങ്ങുന്ന ഈ കാലഘട്ടത്തിൽ സർഗ ശേഷിയുടെ പുതിയ മുഖമായി ഇൻഫർമേഷൻ ടെക്നോളജി മാറിയിരിക്കുന്നു. നമ്മുടെ വിദ്യാർത്ഥികൾ ഈ  മേഖലയിലേക്ക് വയ്ക്കുന്ന പുതിയ കാൽവെയ്പ്പുകൾ സുന്ദരവും സർഗാത്മകവുമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.*

# ആശംസ



എൻ ടി സാബു
പി. ടി. എ. പ്രസിഡന്റ്

ഇന്ന് ലോകം  കോവിഡിൻ്റെ പ്രയാസമനുഭവിക്കുന്ന ഈ ഘട്ടത്തിൽ ആധുനിക ലോകത്തിന്റെ ജീവവായുവായി മാറിയിരിക്കുകയാണ് സാങ്കേതിക വിദ്യ എന്നത്,

ഇന്ന് വിദ്യ അഭ്യസിക്കണമെങ്കിൽ  ഈ ഡിജിറ്റൽ മാധ്യമമില്ലാതെ സാധ്യമാവുകയില്ല എന്ന സാഹചര്യത്തിലേക്ക് നാം എത്തിചേർന്നിരിക്കുന്നു. ലോകത്തേ കൈക്കുമ്പിളിൽ കോരിക്കാണുവാൻ അറിയുവാൻ, കഴിയുന്നത്ര ചെറുതാക്കിയിരിക്കുന്നു ഈ ഡിജിറ്റൽ യുഗം.

ഇവിടെ പിറന്നു വീഴുന്ന കുഞ്ഞിനു പോലും പ്രപഞ്ചത്തേ മനസിലാക്കാൻ വാതായനങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു.

ഇവിടെയാണ് ഈ സാധ്യതയെ തിരിച്ചറിഞ്ഞു കൊണ്ട് ചരിത്രത്തിലേക്ക് ഒരു കാൽവെപ്പ് എന്നപോൽ നമ്മുടെ ലിറ്റിൽ കൈറ്റ്സ് പ്രശംസനീയമായ പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യുന്നത്.

ഇവിടെ നമ്മുടെ മക്കളുടെ സർഗാത്മകതയെ സാങ്കേതികതികവിലേക്ക് സന്നിവേശിപ്പിച്ച കൊണ്ട് തയ്യാറാക്കുന്ന ഡിജിറ്റൽ മകഗസിൻ ആധുനിക യുഗത്തിന്റെ പുതിയ മുഖമാണ് .. ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# ആശംസ



ഷേർലി. കെ. വി

സീനിയർ അസിസ്റ്റന്റ്

*പഠനത്തോടൊപ്പം ഇതര മേഖലകളിലെ നൈപുണികളും സർഗശേഷിയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന ക്ലബാണ് ലിറ്റിൽ കൈറ്റ്സ്. കുട്ടികളുടെ സാഹിത്യവാസനയെ പ്രോത്സാഹിപ്പിക്കുന്ന ഈ ഡിജിറ്റൽ മാഗസിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും സ്നേഹം നിറഞ്ഞ ആശംസകൾ ....*

# ആശംസ



മുഹമ്മദ് ഷാനവാസ്

സ്റ്റാഫ് സെക്രട്ടറി

പ്രിയരെ,

വയനാട് ജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ ഒന്നാണ് നമ്മുടെ കലാലയം.

പഠനത്തോടൊപ്പം കുട്ടികളിലെ വിവിധ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിലും മുന്നിൽ നിൽക്കുന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ  വളരെ മികച്ച പ്രവർത്തങ്ങൾ ആണ് അവരുടെ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തികൊണ്ടിരിക്കുന്നത്. ക്ലബ് അംഗങ്ങൾ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ തീർച്ചയായും സ്കൂളിലെ വിത്യാർത്ഥികളിലെ കഴിവുകൾ പുറത്തെടുക്കാനുള്ള നല്ല ഒരു അവസരം കൂടിയാണ്.

ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു




*ഇളങ്കാറ്റും ജീവജലവും സൂര്യകിരണവും കാത്ത ഭൂമിക്ക്*

*പറയാൻ വാക്കുകൾ ഏറെ....*

*നമ്മുടേത് മാത്രമായ കലാലയദിനങ്ങൾ താളിലാക്കാൻ*

*പഴമയിൽ നിന്നും ഊർജമുൾക്കൊണ്ട്...*

*ആർദ്രസംഗീതം പോലെ ഗംഭീരനാദം പോലെ ജീവധാര പോലെ തെളിനീർ പോലെ ...*

*ചരിത്രത്തിലെ പഴം താളുകൾക്ക് ബലമേകിയ സ്നേഹം പകർന്ന ...*

*ഈ സ്മൃതി പുസ്തകം സ്വീകരിക്കും*

*എന്ന പ്രതീക്ഷയോടെ ...*



എഡിറ്റോറിയൽ ബോർഡ്

മലീഹ, ഹനീന കെ, ഗായത്രി. കെ.വി, മുഹമ്മദ് അഫ്സൽ കെ ,മുബഷിറ പി

# പാദാരവിന്ദങ്ങളിൽ

*അതിജീവനത്തിന്റെ*

*തീക്ഷ്ണമായ വഴികളിൽ*

*പൊലിഞ്ഞു പോയവർക്ക്....*

*അക്ഷരനാളം പകർന്നു തന്ന*

*ഗുരു ജനങ്ങൾക്ക്...*

# വിദ്യാലയ ചരിത്രം



ദിലീപ് കുമാർ എം പി

എച്ച്. എസ്. ടി. മലയാളം

മേപ്പാടി '. കോളനി വാഴ്ചയുടെ ബാക്കിപത്രം. പേര് സൂചിപ്പിക്കുന്നതു പോലെ പാടിജീവിതത്തിന്റെ ദുരിതത്തിന്റെ ഗതകാല ചിത്രം. ഒരുകാലത്ത് കങ്കാണിമാരുടെ പീഡനങ്ങൾ ഏറ്റുവാങ്ങിയ ഒരു ജനവിഭാഗം. തേയിലത്തോട്ടങ്ങളിലും കാപ്പിത്തോട്ടങ്ങളിലും ഏലത്തോട്ടങ്ങളിലും തങ്ങളുടെ സ്വപ്നങ്ങൾ അടിയറവ് വച്ചവർ. തൊഴിൽ തേടിയുള്ള അലച്ചിലിൽ അത്താണി കണ്ടെത്തിയവർ.

മറ്റൊരുവിഭാഗം ഗോത്രവർഗക്കാർ. അന്നന്നത്തെ അപ്പം തേടിയുള്ള യാത്ര. സ്വപ്നങ്ങളുടെ നിറച്ചാർത്ത് ഇല്ലാത്തവർ. അവരുടെ മക്കൾക്കും അതുകൊണ്ടുതന്നെ വലിയ സ്വപ്നങ്ങളും പ്രതീക്ഷകളും ഇല്ലായിരുന്നു. പരമ്പരാഗത തൊഴിലിനപ്പുറം മറ്റൊരാഗ്രഹമുദിച്ചില്ല. എങ്കിലും പ്രദേശത്തെ ചില പുരോഗമനചിന്താഗതിക്കാർ മാറിചിന്തിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനായി കിലോമീറ്ററുകൾ താണ്ടുന്നതിന്റെ വൈഷമ്യം അവർ തിരിച്ചറിഞ്ഞു. പ്രദേശത്തിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്ക് അതൊരുവലിയ കാരണമായിരുന്നു. അതിനൊരുപശാന്തി എന്ന നിലയ്ക്കാണ് മേപ്പാടി ഗവണ്മെന്റ് ഹൈസ്കൂൾ ബീജാവാപം ചെയ്തത്. 1962 ജൂൺ മാസത്തിൽ മേപ്പാടിയുടെ ഹൃദയഭാഗത്തായി, ഇന്നും നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്ന കോസ്മോപൊളിറ്റൻ ക്ലബ്ബിൽ മേപ്പാടിയിലെ ഉന്നതവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഹരിശ്രീ കുറിച്ചു. തുടർന്ന് സ്വന്തമായി ഒരു സ്ഥലം അന്വേഷിച്ചുള്ള യാത്ര എത്തിച്ചേർന്നത് ഇന്ന് സ്കൂൾ നിൽക്കുന്ന പ്രദേശത്താണ്. 1964 ൽ സർക്കാരിൽ നിന്നും ലഭ്യമായ സ്ഥലത്ത് തീർത്തും ഭൗതിക സാഹചര്യങ്ങളുടെ വീർപ്പുമുട്ടലിൽ ഈ വിദ്യാലയം മുന്നോട്ടു പോയി.

അതിനിടെ തോട്ടം മേഖലയിൽ തമിഴ് വംശജരെക്കൂടി മുന്നിൽക്കണ്ട് തമിഴ് മീഡിയവും ആരംഭിച്ചു. അങ്ങനെ ജില്ലയിൽ തമിഴ് മീഡിയം പ്രവർത്തിക്കുന്ന ഏക ഹൈസ്കൂൾ എന്ന നേട്ടവും ഈ വിദ്യാലയം കരഗതമാക്കി.

രണ്ടായിരത്തിലേറെ വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ 2000 ൽ ഹയർ സെക്കന്ററി കൂടി കടന്നുവന്നതോടെ കുട്ടികളുടെ ബാഹുല്യം നന്നായനുഭവപ്പെട്ടു. ഒട്ടേറെക്കാലം ഷിഫ്റ്റ് സമ്പ്രദായത്തിൽ മുന്നോട്ടു പോയ വിദ്യാലയം ഭൗതിക സാഹചര്യം ക്രമേണ നേടിയെടുത്ത് അതിൽ നിന്നും മോചിതമായി. ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ എന്നും ഭൗതിക സാഹചര്യങ്ങളുടെ അഭാവം ഒരു കീറാമുട്ടിയായിരുന്നു. ജനപ്രതിനിധികളും ത്രിതല പഞ്ചായത്തും സർക്കാരിൻ്റെ ഇതര ഏജൻസികളും ഒട്ടേറെ സഹായങ്ങൾ നൽകി നില മെച്ചപ്പെടുത്തി. അതിന്റെ പ്രതിഫലനമായി അക്കാദമികരംഗത്തും കലാകായികരംഗത്തും ഒരു കുതിച്ചുചാട്ടം തന്നെ

ഉണ്ടായി. മലയാളം, ഇംഗ്ലീഷ്, തമിഴ് മീഡിയങ്ങളിലായി പഠനം സാധിക്കുന്ന ജില്ലയിലെ തന്നെ ഏക വിദ്യാലയമാണിത്.

നല്ലനിലയിൽ പ്രവർത്തിക്കുന്ന, കുട്ടികളിൽ മൂല്യബോധം ഉണർത്തുന്ന ഒട്ടേറെ കൂട്ടായ്മകളും ഈ വിദ്യാലയത്തിലുണ്ട്. ലിറ്റിൽ കൈറ്റ്സ്, എസ്.പി സി., ജെ.ആർ.സി, ഹരിത ക്ലബ് മുതലായവ അവയിൽ ചിലതുമാത്രമാണ്.

പച്ചപ്പരവതാനി വിരിച്ചതേയിലത്തോട്ടം. ചെമ്പ്രമലയും മണിക്കുന്ന് മലയും കാവൽഭടന്മാർ. പ്രകൃതിസൗന്ദര്യത്തിന്റെ മൂർത്തരൂപം. ഇവയുടെ സമ്മേളനത്താൽ അനുഗ്രഹീതമായ അക്ഷരക്ഷേത്രം. ചെമ്പ്രമലയിലെ ഹൃദയസരസിന്റെ ഊഷ്മളത പകർത്തി വെച്ചപോലെ വന്യമായ കാനനത്തിന്റെ ഭയത്തിനെക്കാളും കൊച്ചരുവികളുടെ താരാട്ടാണ് ഇമ്പമേറുന്നത്. സമ്മിശ്ര വികാരമുയർത്തുന്ന അന്തരീക്ഷത്തിൽ തലയുയർത്തി നിൽക്കുന്ന അംബരചുംബിയായ കെട്ടിടം. ഏറെ സൗകര്യങ്ങളുള്ള ക്ലാസ്സുറികൾ. വിവര സാങ്കേതികവിദ്യയുടെ സകല സാധ്യതകളും ഉപയോഗപ്പെടുത്തിയ ക്ലാസ് അന്തരീക്ഷം. ശിശു സൗഹൃദ അന്തരീക്ഷം. കേരള സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായിത്തീർത്ത മൂന്നുനില കെട്ടിടം പ്രദേശത്ത് സകല പ്രൗഢിയോടുംകൂടി വിരാജിക്കുന്നു. തികഞ്ഞ തലയെടുപ്പോടെ കൂടുതൽ കരുത്തുനേടാൻ എല്ലാ ആധുനിക സൗകര്യങ്ങളും. ഓരോ നിലയിലും പ്രത്യേകം ശൗചാലയങ്ങൾ. വിശ്രമമുറി. മനസ്സിന് ആനന്ദം നൽകുന്ന നിർമ്മാണ ചാതുര്യം.

അതെ, മാറുകയാണ് നമ്മുടെ വിദ്യാലയം. ഈ കുതിപ്പിൽ നിങ്ങളും അണിചേരണമെന്ന ആഗ്രഹത്തോടെ കോസ് മോപൊളിറ്റൻ ക്ലബ്ബിന്റെ ഇടുങ്ങിയ ചുമരുകൾക്കുള്ളിൽ ആരംഭിച്ച ആ അക്ഷരജ്യോതി തലമുറകൾ മാറ്റി പ്രൗഢഗംഭീരമായ തലയെടുപ്പോടെ ബഹുനിലകെട്ടിടത്തിൽ സകല സൗകര്യങ്ങളോടും എത്തിയിരിക്കുന്നു. ഈ ധന്യനിമിഷം നാടിന്റെ ഉത്സവമാക്കാം. ശക്തമായ രക്ഷാകർതൃസമിതിയുടെയും പൂർവ്വവിദ്യാർത്ഥികളുടെയും അഭ്യുദയകാംഷികളുടെയും ഒപ്പം കാത്തിരിക്കുന്നു. പുതിയപ്രതീക്ഷകൾ താണ്ടാൻ പുതിയസ്വപ്നങ്ങൾ നെയ്യാൻ മേപ്പാടി ഗവണ്മന്റ് ഹയർ സെക്കൻററി സ്കൂൾ ....!



# പ്രാദേശിക ചരിത്രം



ലുബ്ന പി പി 9 c

**ആമുഖം**

പരിസ്ഥിതി സവിശേഷതകളാൽ സമ്പന്നമായ മേപ്പാടിയുടെ പ്രാദേശിക ചരിത്രം അതിവിപുലമാണ്. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ഈ തോട്ടം മേഖല പിന്നീട് എങ്ങനെയാണ് ഈ കാണുന്ന വികസനത്തിന്റെ നാൾവഴികളിലേക്ക് എത്തിച്ചേർന്നത് എന്നും വിദ്യാഭ്യാസത്തിന്റെയും ആരോഗ്യകേന്ദ്രത്തിന്റെയും വ്യാപാര പുരോഗതിയുടെയും മുന്നേറ്റത്തെ കുറിച്ച് ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ് ഈ പ്രാദേശിക ചരിത്രരചന യിലൂടെ ലക്ഷ്യമിടുന്നത്. അതിന്റെ ഓരോ നാൾവഴികളിലൂടെയും നമുക്കൊന്ന് സഞ്ചരിക്കാം.

മേപ്പാടി

പശ്ചിമഘട്ട മലനിരകളുടെ പടിഞ്ഞാറേ ചരിവിലാണ് വയനാട് ജില്ല സ്ഥിതി ചെയ്യുന്നത്.വയനാട്ടിലെ ഏറ്റവും വലിയ പരിസ്ഥിതി സവിശേഷതകൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് മേപ്പാടി. പശ്ചിമഘട്ട മലനിരകളിലെ ഏറ്റവും ജൈവപ്രാധാന്യ മേഖലയാണ് മേപ്പാടിയെ വിലയിരുത്തപ്പെടുന്നത്. വനങ്ങളും വന്യമൃഗങ്ങളും മലകളും പുഴകളും വെള്ളച്ചാട്ടങ്ങളും തടാകങ്ങളും വയലുകളും ടൂറിസത്തിന്റെ വിശാലതയിലേക്ക് ലോകത്തെ ക്ഷണിക്കുകയാണ് മേപ്പാടി.

ഇക്കോ ടൂറിസത്തിന്റെ സ്വകാര്യതയായാണ് മേപ്പാടിയെ സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമാകുന്നത്. ഇവിടെ സന്ദർശിച്ച വിദേശികൾ തങ്ങളുടെ നാടുകളിൽ വയനാടൻ സൗന്ദര്യത്തെക്കുറിച്ചുള്ള വിവരണങ്ങൾ പ്രസിദ്ധീകരിച്ചതും സന്ദർശകരുടെ എണ്ണം വർദ്ധിക്കാൻ ഇടയാക്കി. "വിനോദസഞ്ചാരികളുടെ ബൈബിൾ" എന്നറിയപ്പെടുന്ന ലോൺലി പ്ലാനറ്റ് എന്ന പുസ്തകത്തിലും മേപ്പാടിയെക്കുറിച്ച് വിശദമാക്കുന്നുണ്ട്. മേപ്പാടിയുടെ തെക്കുപടിഞ്ഞാറ് ചെമ്പ്ര മലനിരകളും പടിഞ്ഞാറ് വൈത്തിരി മലകളും, ബാണാസുര മലകളും വടക്ക് കമ്പമല യും വടക്ക് കിഴക്ക് ബ്രഹ്മഗിരി മലകളും ആണ് സ്ഥിതിചെയ്യുന്നത്.

സ്ഥലനാമപുരാണം

ചെമ്പ്രപീക്കിന്റെ മേലെയും താഴെയും എസ്റ്റേറ്റ് പാടി കളായിരുന്നു. ഈ പാടികളെ പൊതുവെ വിളിച്ചിരുന്നത് മേലെപ്പാടി എന്നായിരുന്നു. അങ്ങനെ ഈ മേലെപ്പാടി ലോപിച്ചാണ് മേപ്പാടിയായി മാറിയത്.

ഗതാഗത ചരിത്രം

1939 ലാണ് കോഴിക്കോട് നിന്ന് വയനാട്ടിലേക്ക് ആദ്യ ബസ് സർവ്വീസ് തുടങ്ങിയത്. സി.സി.കെ.വി, സി.ഡബ്ല്യു.എം.എസ് എന്നീ സർവീസുകളാണ് ഉണ്ടായിരുന്നത്.

## മേപ്പാടി യുടെ വ്യാപാര ചരിത്രം

മേപ്പാടിയിലെ ആദ്യത്തെ തുണിക്കച്ചവടം കുഞ്ഞിക്കണ്ണൻ ടെക്സ്റ്റൈൽസും ഹോട്ടൽ ബേബി ഹോട്ടലും ആയിരുന്നു. ഇത് പിന്നീട് ആനന്ദ് ഭവ ഹോട്ടൽ ആയി മാറി. മരം കോച്ചുന്ന തണുപ്പിൽ ബസ് ജീവനക്കാരും തൊഴിലാളികളും മറ്റും പാലൊഴിച്ച് ചായയോ കാപ്പിയോ കുടിക്കാൻ ആശ്രയിച്ചിരുന്നത് ഈ ഹോട്ടലിനെ ആണ്.

## ഗ്രാമപഞ്ചായത്തും പ്രാദേശിക ചരിത്രവും

1935 ലെ ബ്രിട്ടീഷ് ഗവൺമെന്റ് ആണ് മേപ്പാടി പഞ്ചായത്ത് രൂപീകരിച്ചത്.

രണ്ടായിരത്തിൽ മേപ്പാടി പഞ്ചായത്ത് വിഭജിച്ച് മേപ്പാടി,മൂപ്പൈനാട് പഞ്ചായത്തുകൾ രൂപീകരിച്ചു.

യൂറോപ്പ്യൻ ആയ ടി. ഇ ഹേവാണ് പഞ്ചായത്തിലെ ആദ്യ പ്രസിഡന്റ്. മേപ്പാടിയുടെ പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് മാതൃകാപരമായ നേതൃത്വം ആണ് ഈ തദ്ദേശസ്വയംഭരണ സ്ഥാപനം നിർവഹിക്കുന്നത്.

കുടിയേറ്റത്തിന്റെയും കാർഷിക ജീവിതത്തിന്റെയും കഥപറയുന്ന ഈ മണ്ണിൽ സങ്കരസംസ്കാരത്തിന്റെ വൈവിധ്യങ്ങൾ കാണാം. മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കുടിയേറിയ നായർ,തീയ്യർ മലബാർ കലാപകാലത്ത് വന്ന മുസ്ലീങ്ങൾ തിരു-കൊച്ചി മേഖലയിൽ നിന്നു വന്ന ക്രൈസ്തവർ കൂടാതെ പട്ടികജാതി കാരിൽ ചെറുമ, പുലയ, വണ്ണാൻ, കണക്കൻ,പാണൻ, കള്ളാടിയർ, മോഗർ എന്നിവ രും മറ്റു സംസ്ഥാനങ്ങളിൽ നിന്നു കുടിയേറിയ ചക്ലിയൻ,പള്ളൻ, ആദിദ്രാവിഡൻ എന്നിവരും വയനാടിന്റെ തനത് ഗോത്രജനവിഭാഗങ്ങളായ പണിയർ,കുറുമർ,കാട്ടുനാ യ്ക്കർ, കുറിച്യർ, കുറുമർ,തച്ചനാടൻമൂപ്പൻ തുടങ്ങിയവരും മേപ്പാടി യുടെ പ്രാദേശിക സംസ്കൃതിയുടെ ഭാഗമായി ഇവിടെ ജീവിക്കുന്നു.

## തോട്ടം മേഖലയുടെ വർത്തമാനകാലചരിത്രം

ബ്രിട്ടീഷുകാർ പടിയിറങ്ങിയിട്ട് എഴുപത് വർഷത്തോളമാകുന്നു. ജനാധിപത്യത്തിന്റെയും പൗരബോധത്തിന്റെയും ഒരു ലോകം നമ്മെ പൊതിഞ്ഞു നിൽക്കുന്നു. തോട്ടം മേഖലയിലെ വർത്തമാനകാല ചരിത്രം നമുക്ക് വിലയിരുത്താം.

കുറഞ്ഞ കൂലി കിട്ടുന്ന തൊഴിൽ മേഖലയായ തോട്ടം മേഖല ഇന്ന് മാറിക്കഴിഞ്ഞു. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമിച്ച ഇടിഞ്ഞുപൊളിഞ്ഞു വീഴാറായ പാടികളിൽ തന്നെയാണ് തോട്ടം മേഖലയുടെ അനന്തര തലമുറയും ജീവിക്കുന്നത്.

തേയിലത്തോട്ടങ്ങൾകൊപ്പം കാപ്പി,കുരുമുളക്,ഏലം എന്നീ നാണ്യവിളകളും മേപ്പാടിയുടെ കാർഷിക വ്യാപാര മേഖലയെ സമ്പന്നമാക്കി. സ്വാതന്ത്ര്യാനന്തര കാലത്തും കാർഷിക മേഖലയിലെ തൊഴിലാളികളുടെ ജീവിതാനന്തര ചൂഷണങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. അധിനിവേശകാലത്ത് വൈദേശികരും കങ്കാണിമാരും തുടങ്ങിവച്ച ചൂഷണം ആധുനികകാലത്ത് നവമുതലാളിമാർ ഏറ്റെടുത്തു എന്നു മാത്രം.

## തോട്ടം മേഖലയുടെ ഭൂതകാല ചരിത്രം

ഇംഗ്ലീഷ് ആൻഡ് സ്കോട്ടിഷ് കമ്പനിയാണ് മേപ്പാടിയിൽ ആദ്യമായി തേയിലത്തോട്ടങ്ങൾ സ്ഥാപിച്ചത്. തുടർന്ന് മലയാളം പ്ലാന്റെ ഷൻസ്,ചെമ്പ്ര പീക്ക്, ഇ.ടി തുടങ്ങിയ കമ്പനികൾ വന്നു. അവ്യവസ്ഥിതമായ ഒരു ജീവിതത്തിന്റെ ചരിത്രം കൂടി ഇതോടൊപ്പം പറയാനുണ്ട്. തോട്ടങ്ങളിൽ പണിയെടുത്തിരുന്ന തൊഴിലാളികളിൽ സ്ത്രീകൾക്ക് രണ്ട് അണയും പുരുഷനും മൂന്നു അണയും ആയിരുന്നു കൂലി. അതു തന്നെ പൂർണമായും തൊഴിലാളികളുടെ കയ്യിലെത്തിയിരുന്നില്ല. അതിലൊരുവിഹിതം കങ്കാണിമാർ തട്ടിയെടുത്തിരുന്നു. തോട്ടം മേഖലയിലെ കൊടിയ

ചൂഷണത്തിനെതിരെയാണ് തോട്ടം മേഖലയിൽ ട്രേഡ് യൂണിയനുകൾ നിലവിൽ വന്നത്. പോലീസും കങ്കാണിമാരും മാനേജ്മെന്റും യൂണിയനുകളെ തകർക്കാൻ കൂട്ടായ ശ്രമം നടത്തി. നീതി ബോധമുള്ള പൊതുപ്രവർത്തകരുടെ പിന്തുണയാണ് നിസ്വരായ ഒരു കൂട്ടം മനുഷ്യരുടെ ഈ സഹനജീവിതത്തെ അതിജീവിക്കാൻ സഹായിച്ചത്. സി.കെ.ഗോവിന്ദൻ നായർ,കെ.കുമാരൻ,കെ.എം.കൃഷ്ണൻ,രാധാഗോപി മേനോൻ,പി.ശങ്കർ,വി.എൻ ശിവരാമൻ നായർ, ടി.എൻ.രാഘവൻ എന്നീ ആദ്യകാല ട്രേഡ് യൂണിയൻ നേതാക്കളുടെ പേരുകൾ ഈ അവസരത്തിൽ സ്മരണീയമാണ്.

### ആദ്യത്തെ ആതുരാലയവും ആദ്യ ഡോക്ടറും

ആതുരസേവനരംഗത്ത് മേപ്പാടിയുടെ ആദ്യ വ്യക്തി ശ്രീധരൻ ഡോക്ടറായിരുന്നു. അലോപ്പതി, ആയുർവേദം എന്നിവ ഒരുപോലെ കൈകാര്യം ചെയ്തിരുന്ന അദ്ദേഹം പിന്നീട് പഞ്ചായത്ത് ഡോക്ടർ ആയും സേവനമനുഷ്ഠിച്ചു. സർവീസിൽ നിന്ന് പിരിഞ്ഞശേഷം തന്റെ സേവനം സമൂഹത്തിന് പകർന്നു കൊടുക്കുകയും ചെയ്ത ഡോക്ടർ പുതിയകാലത്തെ ആതുരശുശ്രൂഷകർക്ക് മികച്ച ഒരു മാതൃകയായി ചരിത്രത്തിൽ ഇന്നും ജീവിക്കുന്നുണ്ട്.

### ആദ്യ സിനിമ കൊട്ടക

സിനിമ, നൃത്തം, നാടകം എന്നിവ വികാസം പ്രാപിക്കാൻ തുടങ്ങിയ കാലത്തുതന്നെ മേപ്പാടിയിൽ ആദ്യത്തെ ശബ്ദമില്ലാത്ത സിനിമ കൊട്ടക ഉണ്ടായി.

### പുരാവൃത്തങ്ങൾ, ദേവാലയങ്ങൾ - മാരിയമ്മൻ ക്ഷേത്രം

പ്രാദേശികമായി നിരവധി പുരാവൃത്തങ്ങൾക്ക് വേദം ഉള്ള മണ്ണാണ് മേപ്പാടി. മേപ്പാടി യുടെ ഗ്രാമീണ ദേവത മേപ്പാടി മാരിയമ്മൻ ക്ഷേത്രത്തിലെ മാരിയത്ത എന്ന തമിഴ് ദേവതയാണ്. ഏഴുദിവസം നീണ്ടു നിൽക്കുന്ന ക്ഷേത്രോത്സവം മേപ്പാടി നഗര പശ്ചാത്തലത്തിലെ മതേതരമായ ഉത്സവമാണ്. കുട്ടമുണ്ട,കണ്ണാടി അമ്പലം, തൃക്കൈപ്പറ്റ ശിവക്ഷേത്രം എന്നിവ മറ്റുചില ആരാധനാലയങ്ങളാണ്.

### മേപ്പാടി ജുമാ മസ്ജിദ്

ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് മേപ്പാടി നഗരത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ജുമാ മസ്ജിദ് പള്ളി.

### ക്രിസ്തീയ ദേവാലയം

മേപ്പാടി പഴയ പോലീസ് സ്റ്റേഷൻ പരിസരത്താണ് ക്രിസ്തീയ ദേവാലയം.

മതേതരമായ സഞ്ചിത സംസ്കാരത്തിന്റെ വേരോട്ടം ഉള്ളതാണ് മേപ്പാടിയുടെ ജീവിതം എന്ന് സാക്ഷ്യപ്പെടുത്തുന്ന താണ് ഈ ദേവാലയങ്ങളും അതിൽ പ്രാർത്ഥനാനിർഭരമായ മനസ്സുകൾ അർപ്പിക്കുന്ന സാധാരണ മനുഷ്യരും.

### മേപ്പാടിയുടെ കച്ചവട ചരിത്രം

ഒരു സമൂഹത്തിലെ ജീവിതാവശ്യങ്ങൾക്ക് ഉള്ള ഉൽപ്പന്നങ്ങളുടെ ക്രയവിക്രയം നടക്കുന്ന ഇടം അങ്ങാടി ആയി മാറുന്നു.മേപ്പാടിയുടെ വ്യാപാര ചരിത്രം ആരംഭിക്കുന്നത് അങ്ങനെയാണ്. കാർഷിക കാർഷികേതര ഉൽപ്പന്നങ്ങൾ സംഭരിച്ച് പണമായോ സാധനങ്ങളായോ കൈമാറുന്ന രീതിയിലാണ് മേപ്പാടിയുടെ വ്യാപാരചരിത്രം ആരംഭിക്കുന്നത്.

മേപ്പാടിയിലെ ആദ്യകാല കച്ചവടക്കാരിൽ പ്രധാനിയായിരുന്ന അജി സാഹിബ്. ബ്രിട്ടീഷ് ഭരണകാലത്ത് ചായതോട്ടങ്ങളിലെ ചായ ച്ചെടികൾ സംരക്ഷിക്കുന്നതിന് ആവശ്യമായ മുളയുടെ കുടകൾ വില്പന നടത്തിയാണ് തുടക്കം. പിന്നീട് സായാമ്പർക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഓർഡർ പ്രകാരം കൊണ്ടുവരും.

കപ്പൽമാർഗം കൊച്ചിയിലെത്തുന്ന സാധനം വാഹനങ്ങളിൽ അടിവാരം വരെയും തുടർന്ന് കാളവണ്ടിയിൽ മേപ്പാടി വരെയും കൊണ്ടുവരുന്നത് ആയിരുന്നു അന്നത്തെ രീതി. നെസ്ലെ,സിസേഴ്സ് തുടങ്ങിയ കമ്പനികളുടെ ഡീലർഷിപ്പ് ഉള്ള വ്യക്തിയായിരുന്ന അജി സാഹിബ്. ആധുനിക സിഗരറ്റിലേക്ക് ആളുകളെ പരിചയപ്പെടുത്തുന്നതിന് ഈ അങ്ങാടിയിൽ വച്ച് സിഗരറ്റുകൾ വാരി മുകളിലേക്ക് എറിയുമായിരുന്നു. അതു കൂടി നിൽക്കുന്നവർ കൈക്കലാക്കും.

ആഴ്ച ചന്തകൾ ആയിരുന്നു അന്നത്തെ മറ്റൊരു കച്ചവട കേന്ദ്രം. പുളി,ചെറിയ ഉള്ളി,ഉണക്കമത്സ്യം തുടങ്ങിയവ അന്യദേശങ്ങളിൽ നിന്ന് കാളവണ്ടിയിൽ കൊണ്ടുവരികയായിരുന്നു. മേപ്പാടിയിലെ പഴയ കച്ചവടക്കാർ പാലക്കാടൻ കോനാർമാർ, റാവുത്തർമാർ തുടങ്ങിയവരായിരുന്നു.

## വിനോദസഞ്ചാര സ്ഥലങ്ങൾ

മേപ്പാടി,വൈത്തിരി,മുപ്പൈനാട്,മൂട്ടിൽ,അമ്പലവയൽ പഞ്ചായത്തുമായി നീണ്ടുകിടക്കുന്ന 110 കിലോമീറ്റർ വിസ്തൃതിയുള്ളമേപ്പാടിഅതീവജൈവവൈവിധ്യകലവറയാണ്.നിത്യഹരിതവനങ്ങൾ,പുൽമേടുകൾ,ചോലവനങ്ങൾ,എന്നിവ ഈ പ്രദേശത്തെ സമ്പത്താണ്. വയനാട്ടിലെ ഏറ്റവും ഉയരം കൂടിയ മലയായ ചെമ്പ്ര അതീവ പരിസ്ഥിതി പ്രാധാന്യമുള്ള ചോലവനങ്ങളാൽ സമൃദ്ധമാണ്. കോഴിക്കോട്,മലപ്പുറം ജില്ലകളിലെ വനഭാഗങ്ങൾ ഉൾപ്പെടുന്ന വെള്ളരിമല മേപ്പാടിയുടെ ഭാഗമാണ്. ചാലിയാർ നദിയുടെ ഉത്ഭവം ഈ മേഖലയിൽ നിന്നാണ്.

ദികളാണ്ഏതൊരുനാടിന്റെയുംജീവനാഡികൾ.അരണപ്പുഴ,കള്ളാടിപുഴ,മീനായിപ്പുഴ,ചുളക്ക,നെല്ലിമുണ്ടപുഴ,ചാലിപ്പുഴ, കുന്നമ്പറ്റ പുഴ എന്നിവ മേപ്പാടി യുടെ കനിവും കനവും ആയ പുഴകളാണ്.

## കല്യാണിക്കുണ്ട്

മേപ്പാടി പഞ്ചായത്തിൽ ചൂരൽമല ഭാഗത്ത് കാണുന്ന ആഴമുള്ള ഒരു കയമാണ് കല്യാണിക്കുണ്ട്.

കങ്കാണിമാരുടെ പീഡനങ്ങളെ ഭയന്ന് കല്യാണി എന്ന സ്ത്രീ ആത്മഹത്യ ചെയ്തത് ഈ കുളത്തിലാണ്.

ഈ സംഭവത്തെ തുടർന്നാണ് ഈ കുളത്തിന് കല്യാണ എന്ന പേര് ഉരുത്തിരിഞ്ഞുവന്നത്.

## ചെമ്പ്ര മല

സമുദ്രനിരപ്പിൽ നിന്നും 2100 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ചെമ്പ്രമല സഞ്ചാരികൾക്ക് ഒരിക്കലും മറക്കാനാവാത്ത അനുഭവമാണ് പകർന്നുനൽകുന്നത്. അനായാസമായി കയറാവുന്ന മലയും അതിനു നടുവിൽ ഹൃദയസരസ്സും മറ്റൊരിടത്തും ലഭ്യമാകാത്ത മാനസികോല്ലാസം ആണ് നൽകുന്നത്. മേപ്പാടി ടൗണിൽ നിന്നും ഏഴ് കിലോമീറ്റർ അകലെയാണ് ഈ മല സ്ഥിതി ചെയ്യുന്നത്.

## വിദ്യാലയങ്ങളുടെ ചരിത്രം - ഗവ.യു.പി.സ്കൂൾ , എരുമക്കൊല്ലി

പശ്ചിമഘട്ടമലനിരകളിൽ ഒന്നായ ചെമ്പ്രയുടെ താഴെ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ഗവൺമെന്റ് യു.പി.സ്കൂൾ എരുമക്കൊല്ലി 1973 ൽ ഈ വിദ്യാലയം സ്ഥാപിച്ചു.

ഗവ.എൽ.പി. സ്കൂൾ , മേപ്പാടി

മേപ്പാടിയുടെ സാംസ്കാരിക ചക്രവാളത്തെ പരുവപ്പെടുത്തിയ സാമൂഹിക സ്ഥാപനമാണ് 1921 ൽ രൂപീകൃതമായ മേപ്പാടി ഗവൺമെന്റ് എൽ. പി.സ്കൂൾ. പിറവ ക്കാരിയായ അന്നമ്മ ടീച്ചർ ആയിരുന്നു ആദ്യത്തെ പ്രധാനാധ്യാപിക.

ഗവ.ഹൈസ്കൂൾ മേപ്പാടി

പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ ചെമ്പ്രയുടെ താഴ് വാരത്ത് സ്ഥിതിചെയ്യുന്ന മേപ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം 1962 ജൂൺ നാലാം തീയതി സ്ഥാപിതമായി.

മേപ്പാടിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കോസ്മോപൊളിറ്റൻ ക്ലബിലാണ് വിദ്യാലയം ആദ്യമായി പ്രവർത്തനമാരംഭിച്ചത്. തുടക്കത്തിൽ എട്ടാം തരത്തിൽ 47 കുട്ടികളുമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിലെ പ്രഥമ അധ്യാപകനായി ചുമതല വഹിച്ചിരുന്നത് വർഗീസ് മാത്യു സർ ആയിരുന്നു. കോളനിവൽക്കരണ കാലഘട്ടത്തിൽ തന്നെ രൂപം പ്രാപിച്ച വയനാട്ടിലെ ചായ കാപ്പി തോട്ടങ്ങളിൽ പണിയെടുക്കാൻ എത്തിയ തൊഴിലാളികളുടെയും കുടിയേറ്റ കർഷകരുടെയും സ്വപ്ന സാക്ഷാത്കാരമായിരുന്നു ഈ വിദ്യാലയം.

വിദ്യാലയത്തിൽ ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങളായി ഇന്ന് പടർന്ന് പന്തലിച്ചിരിക്കുന്നു.

തമിഴ്,ഉറുദു,അറബി,മലയാളം,സംസ്കൃതം,അടക്കം നിരവധി ഭാഷകൾ വിദ്യാലയത്തിൽ ഒന്നാംഭാഷയായി ഇവിടെ പഠിപ്പിക്കുന്നുണ്ട്. ഇന്ത്യൻ റെയിൽവേ ഉദ്യോഗസ്ഥയും ദേശീയ അത്‌ലറ്റിക് താരവുമായ കെ.എ.മോളി വിദ്യാലയത്തിനു സംഭാവന ചെയ്യാൻ കഴിഞ്ഞ പ്രമുഖരിൽ ഒരാളാണ്. സാമൂഹിക രാഷ്ട്രീയ രംഗത്തെ നിരവധി പ്രമുഖർ ഈ വിദ്യാലയത്തിൽ വഹിച്ചവരാണ്.

പ്രകൃതി ദുരന്തം - ഉരുൾപൊട്ടൽ

2019 ആഗസ്റ്റ് എട്ടിന് മേപ്പാടി പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ ഉൾപ്പെട്ട പച്ചക്കാട് ഉരുൾപൊട്ടൽ ഉണ്ടായതിനെത്തുടർന്ന് പച്ചക്കാട്,ഏല വയൽ,പുത്തുമല,എസ്റ്റേറ്റ് ഭാഗങ്ങൾ ഉൾപ്പെടെ ഏകദേശം 40 ഹെക്ടറോളം ഭൂമി വാസയോഗ്യവും കൃഷിയോഗ്യവുമല്ലാത്തതാ യി മാറി. 17 പേരുടെ ജീവൻ നഷ്ടമായ ഈ ഉരുൾപൊട്ടലിൽ 69 വീടുകൾ പൂർണമായും 43 വീടുകൾ ഭാഗികമായും തകർന്നു.

പുനരധിവാസം

ഉരുൾപൊട്ടലിനെ തുടർന്ന് ഗവൺമെന്റ് പതിനായിരം രൂപ വീതം ദുരന്തബാധിതർക്ക് അടിയന്തര ധനസഹായം നൽകി. പിന്നീട് മാതൃഭൂമി സ്പോൺസർചെയ്ത പൂത്തക്കോല്ലിയിലെ ഏഴ് ഏക്കർ ഭൂമിയിൽ അഞ്ചോളം സംഘടനകളുടെ സഹായത്തോടെ 52 കുടുംബങ്ങൾക്ക് വീട് നിർമിച്ച നൽകാനുള്ള പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ 12 വീടുകൾ പൂർണ്ണമായും 40 വീടുകൾ പണി തീരാറായ അവസ്ഥയിലും ആണുള്ളത്. ഇതുകൂടാതെ 42 കുടുംബങ്ങൾക്ക് ഗവൺമെന്റ് അവർ ആവശ്യപ്പെട്ട ഇടങ്ങളിൽ പുനരധിവാസം സാധ്യമാക്കുന്നതിലേക്കായി പത്തുലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി. ഈ പുനരധിവാസ പദ്ധതിയിൽ വിവിധ സംഘടനകളും സ്പോൺസർമാരും നൽകിയിരിക്കുന്ന സേവനം വിലമതിക്കാനാവാത്തതാണ്.

ജനജീവിതം

ഉരുൾപൊട്ടലിനെ തുടർന്ന് താത്കാലികമായി മാറ്റിപ്പാർപ്പിക്കപ്പെട്ട ഈ ജനതയ്ക്ക് അവരുടെ തൊഴിലും സമ്പാദ്യവും നഷ്ടമാവുകയും ഇത് ദാരിദ്ര്യത്തിലേക്കും തൊഴിലില്ലായ്മയിലേക്കും വഴിതെളിക്കുകയും ചെയ്തു.

ഉരുൾപൊട്ടൽ ഭീതിയകന്നപ്പോൾ തങ്ങളുടെ കൃഷിഭൂമിയിലെ മൺകൂനകൾ നികത്തി വീണ്ടും ഏലം,കാപ്പി കൃഷികൾക്കായി ഭൂമി ഒരുക്കുകയാണവർ. ഉറ്റവരും ഉടയവരും ഒരായുസ്സിന്റെ സമ്പാദ്യവും നേട്ടങ്ങളും നഷ്ടമായിട്ടും അതിജീവനത്തിന്റെ പാതയിൽ ആണവർ. ഇപ്പോഴും മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്ന ഇക്കൂട്ടർക്ക് താങ്ങും തണലുമായി നിൽക്കുന്ന സുമനസ്സുകൾക്കൊപ്പം അതിജീവനത്തിന്റെ പുതിയ തീരങ്ങൾ തേടുകയാണ് അവർ.

## കോവിഡ് വ്യാപനം

ലോകം അടുത്ത കാലത്ത് നേരിട്ടുകൊണ്ടിരിക്കുന്ന മഹാവിപത്താണ് കോവിഡ്-19 ചൈനയിൽ ഉൽഭവിച്ച് ലോകമാസകലം മരണ താണ്ഡവമാടിയ മഹാമാരി. ലോകജനസംഖ്യയിൽ വളരെയധികം മാറ്റം സൃഷ്ടിക്കാനും ലോകത്തെ മുൾമുനയിൽ നിർത്തുവാനും ഈ മഹാമാരി കാരണമായി. സമസ്തമേഖലകളെയും ഗ്രസിച്ച കോവിഡ് വ്യാപനം വയനാട്ടിലെ ഏറെ പിന്നാക്കം നിൽക്കുന്ന മേപ്പാടിയിലെ ജനജീവിതത്തിലും പ്രതിസന്ധികൾ സൃഷ്ടിക്കുകയുണ്ടായി. തോട്ടം മേഖലയായതിനാൽ തന്നെ തൊഴിലിടങ്ങളിലെ സുരക്ഷിതത്വം വെല്ലുവിളി ഉയർത്തി.

ഇതിനെതുടർന്ന് തൊഴിലില്ലായ്മ രൂക്ഷമാവുകയും കുടുംബങ്ങളുടെ ഭദ്രത നഷ്ടമാവുകയും ചെയ്തു. ടൂറിസം മേഖലയായ മേപ്പാടിയിൽ കോവിഡ് വ്യാപനത്തെ തുടർന്ന് ടൂറിസത്തെ ആശ്രയിച്ച ജീവിക്കുന്നവരുടെ ഉപജീവനമാർഗ്ഗം ഇല്ലാതായി. ആദിവാസി ജനവിഭാഗങ്ങൾ ധാരാളം ഉള്ള പ്രദേശമായതിനാൽ ആ മേഖലയിൽ പ്രത്യേക പരിഗണന നൽകേണ്ടി വന്നു. ചില കോളനികളിൽ രോഗവ്യാപനം രൂക്ഷമായത് ആശങ്ക ജനിപ്പിച്ചു. കോവിഡ് മരണങ്ങൾ ആശങ്ക ഉയർത്തിയെങ്കിലും ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടെയും സമയോചിതമായ ഇടപെടലുകളും ജനങ്ങളുടെ ജാഗ്രതയും പ്രതിരോധ വാക്സിൻ ലഭ്യമാക്കാൻ സാധിച്ചതും ഒരുപരിധിവരെ കോവിഡ് വ്യാപനം തടയുവാൻ സഹായകരമായി. കോവിഡിന് ശേഷം എന്ത്?എന്ന ചോദ്യത്തിന് മേപ്പാടി സംബന്ധിച്ച് ഒരു വലിയ പ്രസക്തിയുണ്ട്. ഏറ്റവും വലിയ പ്രതീക്ഷ ടൂറിസം മേഖലയിൽ തന്നെയാണ്.

കോവിഡാനന്തര സഞ്ചാരികളുടെ ഒഴുക്ക് പ്രതീക്ഷിക്കുകയും ഇതിലൂടെ തകർന്ന സാമ്പത്തിക മേഖലയ്ക്ക് പുതുജീവൻ നൽകാനാവുമെന്ന വിശ്വാസത്തിലാണ് മേപ്പാടിക്കാർ. കോവിഡ് കാലത്ത് ആരോഗ്യ രംഗത്ത് സമൂലമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. എല്ലാ ജനങ്ങളുടേയും ഒത്തൊരുമയും ജാഗ്രതയും ഗവൺമെന്റ് സംവിധാനങ്ങളുടെ ഇടപെടലുകളും ഈ രോഗാതുരകാലത്തെ ഒരു സുവർണ്ണ കാലത്തിലേക്കുള്ള ചവിട്ടുപടിയായി മാറ്റാൻ ഇടയാക്കും എന്ന് പ്രതീക്ഷിക്കുന്നു.

# അക്കാദമിക വിലയിരുത്തൽ

# 2021-22



ഷീല അഗസ്റ്റിൻ കെ

എസ്.ആർ.ജി. കൺവീനർ

കോവിഡ് പ്രതിസന്ധി രൂക്ഷമായതോടെ 2021-22 വർഷത്തെ അക്കാദമികപ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കാമെന്നതിനും SSLC-റിസൾട്ട് അവലോകനം-(2020-21) നടത്തുന്നതിനുമായി ജൂൺ മാസത്തിൽ ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ :മുഹമ്മദ് അഷ്റഫ് സർ, സ്റ്റാഫ് കൗൺസിൽ അംഗങ്ങൾ , PTA എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ യോഗം ചേർന്നു. തുടർന്ന്, ഓൺലൈൻ /ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുകയും CPTA കളും ക്ലാസ്സ് അധ്യാപകരുടെ മോണിറ്ററിങ്ങും പഠനം കാര്യക്ഷമമാക്കാൻ സഹായിച്ചു.

ഓൺലൈൻ /ഡിജിറ്റൽ പഠനസാധ്യത തികച്ചും ലഭ്യമാകാത്ത കുട്ടികളെ, ക്ലാസ്സ് അധ്യാപകർ കണ്ടെത്തി നൽകുകയും, അവരിൽ നിന്നും അർഹരായവരെ കണ്ടെത്തുന്നതിനായി,ഒരു കൂട്ടം അധ്യാപകർ, കഠിനപ്രയത്നം ചെയ്ത് മുൻഗണന ലിസ്റ്റ് തയ്യാറാക്കുകയും ഇവർക്ക്,അധ്യാപകരുടെയും, സുമനസ്സുകളുടെയും, MLA യുടെ ഫണ്ടിൽ നിന്നും ലഭിച്ച സ്മാർട്ട് ഫോണുകളും ടാബ്‌ലെറ്റുകളും വിതരണം ചെയ്ത്, പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കി.

കുട്ടികളെ ശാക്തീകരിക്കുന്നതിനായി അധ്യാപകരുടെ നേതൃത്വത്തിൽ അയൽക്കൂട്ട പഠനകേന്ദ്രങ്ങൾ ആരംഭിച്ച് പഠനപ്രവർത്തനങ്ങൾ നടത്തിപ്പോന്നു. സെപ്റ്റംബർ 15-നുള്ളിൽ ഗൃഹസന്ദർശനം പൂർത്തിയാക്കാനായത്, പഠനം കാര്യക്ഷമമാക്കുന്നതിനും, രക്ഷിതാക്കളുടെ ആശങ്കയകറ്റുന്നതിനും ഇടയാക്കി.

കേന്ദ്ര ഗവണ്മെന്റ് നടപ്പിലാക്കിയ, NAS സർവ്വേയ്ക്കായി (നാഷണൽ അച്ചീവ്മെന്റ് സർവ്വേ )നമ്മുടെ സ്കൂൾ തിരഞ്ഞെടുക്കപ്പെടുകയും ഹെഡ് മാസ്റ്ററുടെ നേതൃത്വത്തിൽ കുറ്റമറ്റ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത് പ്രശംസ പിടിച്ചുപറ്റാൻ ഇടയാക്കി.

വിവിധ ക്ലബ്ബ്കളുടെ നേതൃത്വത്തിൽ ദിനാചാരണങ്ങൾ സമുചിതമായിനടത്തപ്പെട്ടു.കൗമാരവിദ്യാഭ്യാസ ക്ലാസ്സുകൾ, സൈബർ സുരക്ഷ ക്ലാസുകൾ, കൗൺസിലിങ് ക്ലാസുകൾ, പെൺകുട്ടികൾക്കായി വനിത ശിശു വികസന കോർപറേഷന്റെ നേതൃത്വത്തിൽ വിവിധ മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ക്ലാസുകൾ എന്നിവ എടുത്തുപറയേണ്ടവയാണ് . SPC, JRC , LITTLE KITES എന്നിവയുടെ ആഭിമുഖ്യത്തിൽ- ദിനാചരണങ്ങൾ, സ്കൂൾ വിക്കി, ഡിജിറ്റൽ മാഗസിൻ നിർമ്മാണം, ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, സ്കൂൾ മുഖപത്രമായ "E-WAVE"തയ്യാറാക്കൽ- എന്നിങ്ങനെ അഭിനന്ദനാർഹങ്ങളായ പ്രവർത്തനങ്ങൾ നിരവധിയുണ്ട്.

നവംബർ മാസം 1- മുതൽ സ്കൂൾ തുറന്ന് പ്രവർത്തിക്കാൻ തീരുമാനമായതോടെ അധ്യാപക - അനധ്യാപകരുടെയും, വിവിധ സംഘടനകളുടെയും സഹായത്തോടെ സ്കൂളും പരിസരവും ശുചികരിച്ചു. ആശങ്കകൾ ഏറെ ഉണ്ടായിരുന്നെങ്കിലും, വളരെ വേഗംതന്നെ പഠനം സാധാരണ നിലയിലായി.ഓഫ്‌ലൈൻ പഠനത്തോടൊപ്പം ഓൺലൈൻ പഠനവും മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു. ഭിന്ന ശേഷി വാരാചരണ ത്തിന്റെ ഭാഗമായി IED അധ്യാപകർ, BRC തുടങ്ങിയവരുടെ നേതൃത്വത്തിൽ ബസ്സ്റ്റാൻഡിൽ വച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

കിഫ്ബി ഫണ്ടിൽ നി ന്നും ലഭിച്ച 3 കോടിയുടെ കെട്ടിട ഉദ് ഘാടനം ഗംഭീരമായി നടത്തി. പുതിയ കെട്ടിടം ക്ലാസ്സ് റൂമിന്റെ അപര്യാപ്ത ഇല്ലാതാക്കാൻ കഴിഞ്ഞു. സ്മാർട്ട് റൂമുകൾ, ATL ലാബ് ,രണ്ട് ഐ ടി ലാബുകൾ, സ്പോർട്സ് റൂം, കൗൺസിലിങ് റൂം, സിക്ക് റൂം, IED റൂം , എല്ലാകുട്ടികൾക്കും ഇരുന്ന കഴിക്കാനാവശ്യമായ സൗകര്യങ്ങൾ ഉള്ള ഭോജനശാല, ലൈബ്രറി, സയൻസ് ലാബ് ഇവയെല്ലാം പുതിയ കെട്ടിടത്തിൽ ലഭ്യമാണ്.

ഗണിത മേള , LSS, NMMS സ്കോളർഷിപ് ട്രെയിനിങ് ക്ലാസ്സുകൾ, എന്നിവ നടത്തപ്പെട്ടു. ശിശു ദിനാഘോഷം( UP വിഭാഗം )വിപുലമായി ആഘോഷിച്ചു. ശാസ്ത്ര പഠനം മികവുറ്റതാക്കാനുള്ള സ്റ്റെം ലാബ്, രാജീവ് ഗാന്ധി ബയോടെക്നോളജി സെന്റർ, തിരുവനന്തപുരം നൽകുന്ന ശാസ്ത്ര മ്യൂസിയം തുടങ്ങിയവയുടെ പ്രവർത്തനവും ഏറെ വൈകാതെ ഉണ്ടാകുന്നതാണ്. ഇത്തരത്തിൽ ഈ സ്ഥാപനത്തിന്റെ വളർച്ചയും വികസനവും, സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന തോട്ടം തൊഴിലാളികളുടേയും ഗോത്ര വിഭാഗക്കാരുടേയും മക്കളുടെ പഠനത്തിനും സാംസ്കാരിക വളർച്ചക്കും മുതൽക്കൂട്ടാകുമെന്ന് തീർച്ചയാണ്.

"DROP OUT FREE MEPPADI "എന്ന പദ്ധതി പ്രകാരം ഇതുവരെയും സ്കൂളിൽ എത്താത്ത കുട്ടികളെ കണ്ടെത്തി സ്കൂളിൽ എത്തിക്കുന്നതിനായി,അധ്യാപകർ ഗ്രൂപ്പുകളായി ഇവരുടെ വീടുകൾ സന്ദർശിക്കുകയും ഭൂരിഭാഗം പേരെയും സ്കൂളിൽ എത്തിക്കുകയും ചെയ്തു. ഗവണ്മെന്റ് സഹായത്തോടെ ST വിഭാഗം കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ് ലഭ്യമാക്കിയതിലൂടെ പഠന പ്രവർത്തനങ്ങളിൽ, അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാനായി.

ജനുവരി 21 -ഓടെ പാഠഭാഗങ്ങൾ പൂർത്തിയാക്കി,SSLC ക്യാമ്പ് ആരംഭിച്ച്,100%വിജയം കരസ്ഥമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള ശ്രമത്തിലാണേവരും.





# ലിറ്റിൽ കൈറ്റ്സ്



അജിത പി

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

ജപലാൽ സിംഗ് ജെ. പി.

ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

കുട്ടികളിൽ വിവര സാങ്കേതിക വിദ്യയിലുള്ള താൽപ്പര്യം പ്രോത്സാഹിപ്പിക്കുന്നതിനും പഠന പ്രവർത്തനങ്ങൾക്കതീതമായി സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ പരിചയപ്പെടുന്നതിനും ഐസിടിയിലെ ക്രിയാത്മക ശേഷികൾ വളർത്തുന്നതിനും ഉതകുന്ന തരത്തിലാണ് ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. അതിലൂടെ ഐ.സി.ടി. ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കാനും ICT ഉപകരണങ്ങളുടെ ചെറിയ സാങ്കേതിക പ്രശ്നങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കാനും കഴിയുന്നു. ഇന്റർനെറ്റ് ഉപയോഗത്തിലും സൈബർ സുരക്ഷയിലും ബോധവാൻമാരാക്കുക , ഭാഷാ കമ്പ്യൂട്ടിംഗിന്റെ പ്രാധാന്യം വളർത്തുക എന്നിവയും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനത്തിലൂടെ സാധ്യമാകുന്നു. ലിറ്റിൽ കൈറ്റ്സിൽ ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ബുധനാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും പരിശീലനം നൽകുന്നു. മലയാളം കമ്പ്യൂട്ടിംഗ്, അനിമേഷൻ, പ്രോഗ്രാമിംഗ് തുടങ്ങിയ വ്യത്യസ്ത മേഖലകളിലാണ് പരിശീലനം നൽകുന്നത്.കോവിഡ് സാഹചര്യം കാരണം പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ വർഷം വേണ്ടത്ര പ്രവൃത്തി ദിനങ്ങൾ ലഭ്യമായിട്ടില്ല. എങ്കിലും പരിമിതമായ സമയത്തിനുള്ളിൽ ചില പ്രവർത്തനങ്ങൾ നൽകാൻ സാധിച്ചു. സൈബർ സുരക്ഷയുടെ പ്രാധാന്യം, ജി സ്യൂട്ടിന്റെ പ്രയോജനങ്ങൾ എന്നീ വിഷയങ്ങളെ ക്കുറിച്ച് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വെബിനാർ നടത്തി. 10-ാം തരത്തിലെ കുട്ടികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്നതാണ്. എട്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് സ്ക്രാച്ച്, അനിമേഷൻ എന്നിവയിൽ പരിശീലനം നൽകി. വിദ്യാ കിരണം പദ്ധതിയിലൂടെ ലാപ് ടോപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകി. വിവിധ മേഖലകളിൽ ലഭിച്ച പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ 10-ാം തരത്തിലെ കുട്ടികൾ ക്രിയാത്മകവും ആകർഷകവുമായ പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി സമർപ്പിച്ചത്.





# എസ്. പി. സി.



ദിനേശ്. ടി

Community police officer

സീന. ടി. ജെ

Additional community police officer

പൗരബോധവും സാമൂഹ്യ പ്രതിബദ്ധതയും സേവനതല്പരതയും ഉള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റിന് രൂപം നൽകിയത്. വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നു.

മേപ്പാടി ഗവ.ഹൈസ്കൂളിൽ നിലവിൽ 44 ജൂനിയർ കേഡറ്റുകളും 44 സീനിയർ കേഡറ്റുകളും 43 സൂപ്പർ സീനിയർ കേഡറ്റുകളുമുണ്ട്. ബുധനാഴ്ചകളിൽ വൈകുന്നേരവും ശനിയാഴ്ചകളിലും ഇവർക്ക് പരിശീലനം നൽകുന്നു. ഇതു കൂടാതെ ഒരാഴ്ചത്തെ അവധിക്കാല ക്യാമ്പ്, കായിക പരിശീലനം, പരേഡ് എന്നിവയും നൽകുന്നു.

പ്രകൃതി സംരക്ഷണം, നിയമ സാക്ഷരത, ലഹരി വിരുദ്ധ ബോധവൽക്കരണം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് കേഡറ്റുകൾക്ക് ക്ലാസ്സുകൾ നൽകാറുണ്ട്. ജൂൺ 5 ന് ജില്ലാ SPC നൽകിയ 60 വൃക്ഷത്തൈകൾ കേഡറ്റുകൾക്ക് വിതരണം ചെയ്തു. വായനാ ദിനത്തിൽ പുസ്തകാസ്വാദനം, പുസ്തകം പരിചയപ്പെടുത്തൽ എന്നിവ നടത്തി.

യോഗ ദിനത്തിൽ വീടുകളിൽ നിന്ന് യോഗ ചെയ്യുകയും അവയുടെ വീഡിയോ സമർപ്പിക്കുകയും ചെയ്തു.

ജില്ലാ SPC യുടെ വാക്സിൻ ചലഞ്ചിൽ 2000 രൂപ ശേഖരിച്ചു നൽകി. കാർഗിൽ ദിനത്തിൽ ധീര ജവാൻമാരെ ആദരിക്കുന്ന വീഡിയോകൾ കേഡറ്റുകൾ തയ്യാറാക്കി. കാറ്റിലും മഴയിലും വീടു തകർന്ന മാനന്തവാടിയിലെ SPC കേഡറ്റിന് ധനസഹായം നൽകി. ലഹരി വിരുദ്ധ ദിനത്തിൽ കേഡറ്റുകൾ കുടുംബാംഗങ്ങൾക്കൊപ്പം ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു. ഭൂമിക്കൊരു പച്ചക്കുട എന്ന Spc പ്രോഗ്രാമുമായി കേസറ്റുകൾ വീട്ടുപരിസരത്ത് വൃക്ഷ തൈകൾ നട്ടു പിടിപ്പിച്ചു. ആഗസ്റ്റ് 6 ന് യുദ്ധവിരുദ്ധ പോസ്റ്ററുകൾ നിർമ്മിച്ചു നിർധനരായ നാല് Ied വിദ്യാർദ്ധികൾക്ക് പഠനോപകരങ്ങളും പുസ്തകങ്ങളും വിതരണം ചെയ്യാൻ ഈ വർഷത്തെ കേഡറ്റുകൾക്ക് കഴിഞ്ഞു. ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനത്തിൽ ക്വിസ് നടത്തി കൂടാതെ വീടുകളിൽ പതാക ഉയർത്തി. Spc കേഡറ്റായ സ്രിന്ധ്യക്ക് Spc ജില്ലാ യൂണിറ്റ് മൊബൈൽ ഫോൺ നൽകി. നവംബർ 14 ന് സ്കൂൾ തുറക്കുന്നതിന്റെ ഭാഗമായി നവംബർ ആദ്യവാരം വിദ്യാലയം ശുചീകരിക്കുന്നതിനും ക്ലാസ് മുറികൾ ക്രമീകരിക്കുന്നതിനും കേഡറ്റുകൾ നേതൃത്വം നൽകി . കൂടാതെ പ്രവേശനോത്സവം തൊട്ട് ഒരാഴ്ച്ച വരെ സാനിറ്റൈ സർ നൽകാനും തെർമൽ സ്കാനർ ഉപയോഗിക്കാനും കേഡറ്റുകൾ സഹായിച്ചു. ഡിസംബർ 1 ലോക എയ്ഡ്സ് ദിനത്തിൽ ബോധവൽക്കരണ ക്ലാസും

ഡിസംബർ 10 മനുഷ്യാവകാശദിനത്തിൽ ഉപന്യാസ മത്സരവും നടത്തി. ഡിസംബർ 28, 29 തിയ്യതികളിൽ ക്രിസ്തുമസ്സ് ക്യാമ്പ് നടത്തി. ചെമ്പോത്തറ കോളനിയിലെ 35 കഥാ പുസ്തകങ്ങൾ ശേഖരിച്ചു നൽകി










# ഞാൻ നേരിട്ടുകൊണ്ടിരിക്കുന്ന പേടിപ്പിക്കുന്ന ഒരു കാലഘട്ടം



റിതിക ഷിൽ, 9 A

**വാ**ർഷിക പരീക്ഷ നടന്നു കൊണ്ടിരിക്കുന്നു .അടുത്ത ആഴ്ചയിലെ ഗണിത പരീക്ഷക്ക് വേണ്ടി ഞാൻ വീട്ടിലിരുന്നു തയ്യാറെടുത്തു കൊണ്ടിരിക്കുകയാണ് ..അപ്പോഴാണ് T V യിൽ ഒരു വാർത്ത കേൾക്കുന്നത് .കേരളത്തിൽ കോവിഡ് വ്യാപനം തടയുന്നതിനായി എല്ലാ സ്കൂളുകളും അടച്ചിടാൻ പോകുന്നു എന്ന് .പെട്ടെന്ന് ഞാൻ ഞെട്ടിപ്പോയി .

സ്കൂൾ അടക്കാൻ ഇനിയും ദിവസങ്ങൾ ബാക്കി ,കൂടാതെ മൂന്ന് വിഷയങ്ങളുടെ പരീക്ഷ മാത്രമേ കഴിഞ്ഞിട്ടുമുള്ളൂ ...അതിനു മുൻപ് തന്നെ വേനലവധി ആരംഭിക്കുകയാണെന്നു കേട്ടപ്പോൾ .......ആകെ മനസ്സ് മൂടിക്കെട്ടി.

എന്നാലും ഞങ്ങൾ കൂട്ടുകാരെല്ലാവരും പരസ്പരം വിളിച്ചു കൊണ്ടിരുന്നു . എന്തായാലും ജൂൺ 1 ന് തന്നെ സ്കൂൾ തുറക്കുമല്ലോ അപ്പോൾ എല്ലാവരെയും കാണാമല്ലോ എന്ന് ഞങ്ങൾ ആശ്വസിച്ചു .പിന്നെ വീടിന് പുറത്തിറങ്ങുമ്പോൾ ആരാണെന്നു പോലും തിരിച്ചറിയാൻ കഴിയാതെ കുറെ മാസ്കിട്ട മുഖങ്ങൾ മാത്രം...അപ്പോഴൊക്കെ ഞാൻ വിചാരിച്ചത് എന്തായാലും ഈയൊരു മാസത്തോടെ കോവിഡ് വ്യാപനം കുറയും എന്നാണ് ...എന്നാൽ എന്റെ പ്രതീക്ഷകളെല്ലാം തെറ്റിച്ചു കൊണ്ട് കോവിഡ് രോഗികൾ വർദ്ധിച്ചുകൊണ്ടേയിരുന്നു ....

കടകളും , ടൂറിസ്റ്റ് കേന്ദ്രങ്ങളുമെല്ലാം അടച്ചിട്ടിരിക്കുന്നു .റോട്ടിൽ ഒരു മനുഷ്യൻ പോലുമില്ലാത്ത ഒരവസ്ഥ .രാപ്പകലില്ലാതെ കഷ്ടപ്പെടുന്ന പോലീസുകാരും ,ആതുര സേവകരും ...എന്നാലും ഞാൻ കോവിഡ് വിമുക്തമായൊരു ലോകത്തെ പ്രതീക്ഷിച്ചു ...ജൂൺ മാസമായി ...

സ്കൂൾ തുറന്നില്ല ..കോവിഡ് വ്യാപനം രൂക്ഷമായിക്കൊണ്ടിരിക്കുന്നു .ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചു .പുറത്തിറങ്ങാൻ കഴിയുന്നില്ല, കൂട്ടുകാരെ കാണാൻ കഴിയുന്നില്ല , അവരോടൊപ്പം കളിക്കാൻ കഴിയുന്നില്ല ,പള്ളിയിൽ പോയി പ്രാർത്ഥിക്കാൻ കഴിയുന്നില്ല വിനോദയാത്രകൾക്കു പോകാൻ കഴിയുന്നില്ല ..ആകെ ഒരു വിഷമം ..

കേരളത്തിൽ ഒരു ദിവസത്തെദിവസത്തെകോവിഡ് രോഗികളുടെ കണക്ക് പത്തിന് താഴെ എന്ന സ്ഥലത്തു ഇപ്പോൾ പതിനായിരത്തിന് അടുത്താണ് .ഇന്ത്യയിലെ ആദ്യത്തെ കോവിഡ് മരണം തമിഴ് നാട്ടിൽ സ്ഥിരീകരിച്ചു എന്നറിഞ്ഞപ്പോൾ നാമെല്ലാവരും വള രെയധികം പേടിച്ചിരുന്നു ..എന്നാൽ ഇപ്പോൾ ദിനം പ്രതി ആയിരത്തിലധികം മരണമാണ് ഇന്ത്യയിൽ മാത്രം സ്ഥിതീകരിച്ചുകൊണ്ടിരിക്കുന്നത് ...ആർക്കും പിടിച്ചു നിർത്താൻ കഴിയാത്ത ഈ രോഗത്തിന് ഒരവസാനമില്ലെങ്കിൽ ഞാനൾപ്പെടെ പഠിച്ചു വലിയൊരു നിലയിലെത്താൻ ആഗ്രഹിക്കുന്ന കുറെയധികം കുട്ടികളുടെ ഭാവി എന്താവും...

കൊറോണ എന്ന മഹാവിപത്ത് പുതിയ വക ഭേധങ്ങളുമായി നമ്മുടെ ഇടയിൽ തുടർന്നുകൊണ്ടേയിരിക്കുന്നു....

കൊറോണ ഈ ലോകത്തിൽ നിന്ന് എന്നന്നേക്കുമായി ഇല്ലാതാകാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം....

# എന്റെ

# കൊറോണ കാലത്തെ ജീവിതം



റിൻഷ ഫാത്തിമ.സി, 5 A

ഞാൻ താമസിക്കുന്നത് ഒരു കൊച്ചു ഗ്രാമത്തിലാണ്. എന്റെ വീട്ടിൽ ഉപ്പയും ഉമ്മയും ഞങ്ങൾ മൂന്ന മക്കളും ആണ് ഉള്ളത്. കൂട്ടത്തിൽ പെടുത്താൻ മറന്നുപോയ ഒരാളും കൂടിയുണ്ട്.ഞങ്ങളുടെ മിന്നു പൂച്ച അവൾ കാണാൻ ഒരു സുന്ദരിയാണ്. അവിടെ വാ ലിന്റെ ഭംഗി പറഞ്ഞാൽ തീരില്ല. ഞങ്ങളുടെ കുടുംബം സന്തോഷത്തോടെ കഴിഞ്ഞു കൂടുകയായിരുന്നു. അപ്പോൾ ഇതാ വരുന്നു ഭീകര രൂപത്തിൽ ഒരു കൊറോണ. അതോടെ സ്കൂളുകൾ എല്ലാം അടച്ചു. പുറത്തിറങ്ങാൻ പറ്റാത്ത സാഹചര്യം വന്നുകൂടി. കൂട്ടുകാരെയും കുടുംബക്കാരെയും എന്തിനേറെ പറയാൻ അയൽവാസികളെ പോലും കാണാൻ പറ്റാത്ത സാഹചര്യം ആയി. ഞാൻ മൂന്നാം ക്ലാസ് പകുതി ആയപ്പോഴാണ് കൊറൊണ വന്നുപെട്ടത്. എനിക്ക് വീട്ടിൽ നിന്ന് പഠിക്കുന്നത് തീരെ ഇഷ്ടമില്ലായിരുന്നു. പരീക്ഷ എഴുതാതെ തന്നെ നാലാം ക്ലാസിൽ എത്തി. ഒരു വർഷക്കാലം വീട്ടിൽ ബോറടിച്ചു നിന്നു. പിറ്റേവർഷം ഇത്താത്തക്ക് ഒരു കല്ല്യാണം വന്നു. അങ്ങനെ ഏപ്രിൽ നാലിന് ഇത്താത്തയുടെ കല്യാണം ആയി. ആ ദിവസം ഞങ്ങൾ അടിച്ചുപൊളിച്ചു. എനിക്കൊരു ഏട്ടൻ ഉണ്ട്എട്ടാം ക്ലാസിലാണ് പഠിക്കുന്നത് അപ്പോഴാണ് ദർസിലേക്ക് ഒരു വിളി വന്നത്. എന്റെ കാക്ക ഓൺലൈനിൽ ആയിരുന്നു ദറസ് പഠിച്ചത്. കാക്ക നിറത്തിലേക്ക് പോയി. അങ്ങനെ വീട്ടിൽ ഞാനും ഉമ്മച്ചിയും വല്യമ്മയും ഒറ്റപ്പെട്ടു. വേറൊരു കാര്യം മറന്നു പോയി. എന്റെ ഉപ്പച്ചിക്ക് പന്തല്ലൂരിൽ ഒരു ഷോപ്പ് ഉണ്ട്. ഞങ്ങളുടെ ഷോപ്പിന്റെ പേര് റോയൽ ടെക്സ്റ്റൈൽസ് എന്നാണ്. ഉപ്പച്ചി അവിടെയാണ് നിൽ കാറ്. അപ്പോഴേക്കും സ്കൂൾ തുറന്നു. എനിക്ക് എന്റെ പഴയ കൂട്ടുകാരെ കാണാൻ സാധിച്ചു. എനിക്ക് വളരെ സന്തോഷമായി. കളിയും ചിരിയും തമാശയും ആയി ഞങ്ങൾ അടിച്ചുപൊളിച്ചു ഇനിയുള്ള കാലം ഇതുപോലെ അടിച്ചുപൊളിക്കാനും കൊറൊണ പോലെയുള്ള വിപത്തുകളിൽ നിന്ന് രക്ഷപ്പെടാനും എന്ന് പ്രാർത്ഥിച്ചുകൊണ്ട്.........

# ജാലകം



**മുഹമ്മദ് തമീം, 7 E**

അമ്മയുടെ വിളികേട്ടപ്പോൾ ചാടി എഴുന്നേറ്റു. നല്ല കുളിരുള്ള പ്രഭാതം. മഞ്ഞു പുതച്ചു കിടക്കുന്ന പ്രകൃതി. കിളികളുടെ ശബ്ദം അങ്ങിങ്ങായി കേൾക്കാമായിരുന്നു. യാത്രയുടെ തയ്യാറെടുപ്പുകൾ വേഗം തുടങ്ങി. വേഗം വണ്ടിയുടെ സൈഡ് ഇരിപ്പിടത്തിൽ തന്നെ സ്ഥാനം പിടിച്ചു. ഇളം കാറ്റേറ്റ് വണ്ടിയിൽ ചാരിക്കിടക്കുമ്പോൾ മഞ്ഞിനെ വകഞ്ഞു മാറ്റിക്കൊണ്ട് സൂര്യരെസ്മികൾ സ്വാർണ നിറത്തിൽ തിളങ്ങുന്നദ് കാണാം. വേലക്കായി തിടുക്കത്തിൽ പോകുന്ന ആളുകൾ, പാൽക്കാർ, പത്രവിധാരണക്കാർ.... എല്ലാവരെയും മറികടന്നു വണ്ടി നീകുമ്പോൾ അതിനെക്കാൾ വേഗത്തിൽ സഞ്ചരിക്കുന്ന മനസ്സ് എനിക്കുണ്ടായിരുന്നു. ഞങ്ങളുടെ യാത്ര ഊട്ടി യിലേക്കായിരുന്നു. വന പാതയിൽ എത്തിയപ്പോൾ കൂട്ടം കൂടി മേയുന്ന മാനുകൾ, മയിൽ, ആന, കാട്ടുപോത് തുടങ്ങിയ മൃഗങ്ങളെ കണ്ടിരുന്നു. മാനുകൾ കൂട്ടം കൂടി മേയുന്നത് കാണാൻ നല്ല രസമായിരുന്നു. എന്തൊരു ഒരുമയും ശ്രെദ്ധയുമായിരുന്നു അവകൾക്ക്.

മലകളും, താഴ്‌വാരകളും, കൃഷി സ്ഥലങ്ങളും, പട്ടണനങ്ങളും താണ്ടി വണ്ടി ലക്ഷ്യ സ്ഥാനത് എത്തി ചേർന്നിരിക്കുന്നു. കണ്ണിനു കുളിരെകുന്ന മനോഹരമായ കാഴ്ചകളായിരുന്നു.,.

ഊട്ടി യിലെ നനുത്ത കുളിരിൽ കാഴ്ചകൾ കണ്ടു നടക്കാൻ നല്ല രസമായിരുന്നു. ഒരു കുളിരുള്ള ഓർമയായി മനസ്സിൽ മായാതെ.... ആ യാത്ര ഞാൻ സൂക്ഷിക്കുന്നു.



# Importance of education



Anumol, 8 A

Education plays a very important role in one's life. It helps us to be successful and to be a better person. Education improves our knowledge, skills, confidence level and personality. It empowers us intellectually and helps us to deal with problems. In today's competitive world, good education has become a necessity. Higher education helps in getting a good job and position. Education also prepares people for different life experiences. It helps people to have a special status in society. Moreover, education polishes our mind and strengthens our character. Education helps us to take right decisions. It is the key to success in personal as will as professional life.

It makes us smart enough to handle tough situations and to live a happy life. A person having good education becomes good citizen of the country. A country can grogress well if it's citizen are will educated. Education helps to grow in life. Many successful people and nations. Above all, it helps in building a better society for the citizen of a nation. It helps to eliminate the darkness of ignorance and bring light to the world.



# കൊറോണ

# പിടിച്ച് കെട്ടിയ ജീവിതം...



**സൻഹത്ത് മെഹ്ജബിൻ ഇ. കെ. പി 5 A**

തികച്ചും നാട്ടിൻ പുറത്താണ് എൻറെ താമസം. രാവിലെ 05:30 ന് ഉമ്മച്ചി എഴുന്നേൽക്കും. എൻറെ ഉമ്മച്ചിയും ഉപ്പച്ചിയും അനിയനും അനിയത്തിയും അടങ്ങുന്നതാണ് എൻറെ വീട്. അയ്യോ പറയാൻ മറന്നു, ഉമ്മച്ചിക്ക് ഒരു കുട്ടി കൂടിയുണ്ട് അതാണ് ജൂഗ്നു പൂച്ച അവൾ സുന്ദരിയാണ്.

ഞങ്ങൾ അടിച്ചു പൊളിച്ചു ജീവിക്കുന്നതിനിടയിൽ ദേ ഭയങ്കരനായ കൊറോണക്കാലം വന്നുതുടങ്ങി. ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ കൊറോണ നമ്മുടെ നാട്ടിൽ എത്തിയത്. ആദ്യമൊക്കെ സ്കൂൾ പൂട്ടുന്നത് എനിക്ക് ഇഷ്ടമായി തോന്നി, പിന്നീടാണ് ഞാൻ അറിഞ്ഞത് പരീക്ഷ എഴുതാതെ നാലാം ക്ലാസിലേക്ക് ജയിച്ചു എന്ന്, പറയാൻ പറ്റാത്ത സന്തോഷം തോന്നി, പരീക്ഷ എഴുതിയില്ല. നാലാം ക്ലാസ്സിൽ എത്തിയപ്പോൾ പഠിച്ച സ്കൂൾ മാറി പുതിയ സ്കൂളിൽ ചേർത്തു പഠിത്തം തുടങ്ങി. ഓൺലൈൻ ക്ലാസും ഒന്നും പറയണ്ട, ഒരു ഫോണും ഞങ്ങൾ മൂന്നാളും, എന്നും അടിയായിരുന്നു, ഉമ്മച്ചിന്റെ ഫോണിൽ ആണ് ഞങ്ങൾ പഠിക്കുന്നത്, ഉപ്പച്ചിക്ക് ഫോൺ ഉണ്ട് പക്ഷേ പണിക്കു പോകുമ്പോൾ കൊണ്ടു പോവും പിന്നെ വൈകിട്ട് നോക്കിയാൽ മതി. വൈകിട്ട് ഉപ്പച്ചി പണി കഴിഞ്ഞു വരുമ്പോൾ പലഹാരങ്ങളും മിഠായിയും വാങ്ങി വരും, ഞങ്ങൾ അത് വാങ്ങി തിന്നു, പിന്നെ ഉപ്പച്ചിയുടെ ഫോണിൽ ക്ലാസ് കാണും. രാത്രി ആകുമ്പോൾ വർക്ക് ചെയ്തു തീർക്കും.

രാത്രി ഉപ്പച്ചിക്ക് ഒരു കോൾ വന്നു, ഹലോ ഹലോ ഷബീറാണ്.. എൻറെ മൂത്താപ്പ ? ഉപ്പച്ചിയുടെ ഏട്ടൻ അബുദാബിയിൽ നിന്നാണ്. പണിയുണ്ടോ ?ഉപ്പച്ചി: കുറവാണ് ലോക്ക്ഡൗണും കൊറോണയും ആണ് മ് .. മ് ... , മൂത്താപ്പ: ഒരു കാര്യം പറയാനുണ്ട് നിനക്ക് ഞാനൊരു വിസ നോക്കുന്നുണ്ട് നീ ഗൾഫിലേക്ക് വാ... ഉപ്പച്ചി: ഒന്നും പറഞ്ഞിട്ടില്ല നോക്കിയിട്ട് പറയാം എന്നു പറഞ്ഞു കൊണ്ട് കോൾ കട്ടാക്കി. ഞങ്ങളോടും ഉമ്മച്ചിയോടും പറഞ്ഞു ഉപ്പച്ചി ദുബായിൽ പോയാലോ... ഉമ്മച്ചി ഒന്നും മിണ്ടിയില്ല. അങ്ങനെ അന്നേ ദിവസം ഭക്ഷണം കഴിച്ചു ഞങ്ങൾ ഉറങ്ങാൻ കിടന്നു. രണ്ടുദിവസം കഴിഞ്ഞപ്പോൾ പാസ്പോർട്ട് കോപ്പിയും ഫോട്ടോയും അയക്കാൻ പറഞ്ഞു. ഉപ്പച്ചിക്ക് ഗൾഫിൽ പോവാൻ താല്പര്യമില്ല, എന്നാലും കോപ്പി കൊടുത്തു പിന്നീട് ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു ഫോൺ കോൾ നവംബർ എട്ടാം തീയതി രാത്രി പതിനൊന്നര മണിക്ക് ഇറങ്ങണം എന്ന് പറഞ്ഞു, പിന്നീട് അതിൻറെ തിരക്കിലായി. കുറച്ചു ദിവസം സാധനങ്ങൾ വാങ്ങലും കൊണ്ടുപോകാൻ ഉള്ളത് എടുത്തു വെച്ചും അങ്ങനെ ആ ദിവസം എത്തി, ഉപ്പച്ചി യാത്ര പറഞ്ഞു എട്ടാം തീയതി വീട്ടിൽ നിന്ന് പോയി, ഒമ്പതാം തീയതി അവിടെ എത്തി. പിന്നീട് വീട്ടിൽ ഞങ്ങൾ തനിച്ചായി.

അതിനിടയിൽ നാലാം ക്ലാസ് തീർന്നു എന്ന് പറയാം, ലാസ്റ്റ് ക്ലാസ് പഠിച്ചില്ല ട്ടോ... അങ്ങനെ നാലാം ക്ലാസ് കഴിഞ്ഞു പുതിയ സ്കൂളും കൂട്ടുകാരെയും അധ്യാപകരെയും കാണാൻ പറ്റിയില്ല സങ്കടം വന്നു, ഉമ്മച്ചി പറഞ്ഞു അടുത്തവർഷം സ്കൂളിൽ പോകാം എന്ന്, അങ്ങനെ അഞ്ചാം ക്ലാസിൽ എത്തി. അപ്പോഴും നമ്മെ വിട്ടു പോകാതെ കൊറോണയും ഉണ്ട്. പുതിയ സ്കൂൾ കാണാൻ വേണ്ടി ഉമ്മയുടെ കൂടെ പുസ്തകം വാങ്ങാൻ പോയി,

ക്ലാസ് ടീച്ചർ ആയ സിനു മാം മിനെ കണ്ടു പുസ്തകം വാങ്ങി, എനിക്ക് പേടി തോന്നി കാരണം കുറെ ടീച്ചർമാരും വലിയ സ്കൂളും എല്ലാം ഒരു പേടി തോന്നി, ഞാൻ സ്കൂളിൽ നിന്ന് വീട്ടിൽ വന്നു.

പഠിത്തം തുടങ്ങാൻ കുറേ ഗ്രൂപ്പും ഞങ്ങൾ മൂന്നാളും, ഉപ്പച്ചി വിളിച്ചാൽ പരാതി. അങ്ങനെ ഉപ്പച്ചി പറഞ്ഞു ലോൺ ആയി ഫോൺ നോക്കാൻ ബാങ്കിൽ നിന്നും ലോൺ കിട്ടും എന്ന്, ഒരു മെസ്സേജ് ഗ്രൂപ്പിൽ ഉമ്മച്ചി അത് അന്വേഷിച്ച പക്ഷേ കിട്ടിയില്ല, പിന്നെ അടവിനായി ഒരു ഫോൺ വാങ്ങി. അൽഹംദുലില്ല.. ഇപ്പോൾ എനിക്ക് ഒരു ഫോൺ ഉണ്ട്. ഞങ്ങളുടെ പഠിത്തത്തെ കുറിച്ച് പറയാൻ മറന്നു, ചിമ്പു എൻറെ അനിയത്തി ആണ് 5 വയസ്സായി കിളിക്കൊഞ്ചലിന്റെ കൂട്ടുകാരിയാണ്, ദേ..അവളുടെ പാട്ട്...

" അംഗനവാടി എൻറെ അമ്പിളി വീട് പൈങ്കിളികൾ കൊഞ്ചിവരും പുഞ്ചിരി വീട്

ക ഖ ഗ ഘ ങ

ച ഛ ജ ഝ ഞ

ട ഠ ഡ ഢ ണ

ത ഥ ദ ധ ന

തത്തിനന്തിന തത്തിനന്തിന

തത്തിനന്തിന ഹൈയ് ...

എന്നും ഈ പാട്ട് പാടി നടക്കും, ക്ലാസിലെ സമയം ആയാൽ ഉമ്മച്ചിയോട് ഫോൺ വാങ്ങും, രാവിലെ അവൾക്ക് മദ്രസയിലെ ഗൂഗിൾ മീറ്റ് ഉണ്ട്, എന്നും കരച്ചില് ഫോണിന് വേണ്ടി...

അനിയൻ ഒരു പാവമാണ്, ആരുടെയും കൂടെ അടി ഉണ്ടാക്കാൻ പോവില്ല, നല്ല കുട്ടിയായിരിക്കും.

കഴിഞ്ഞ വർഷത്തെ പോലെ ക്ലാസ് കൂട്ടിവെച്ച് കാണാൻ പാടില്ല എന്ന് പറയും.

ഇപ്പോൾ ഞാൻ മദ്രസയിൽ അഞ്ചാംക്ലാസിൽ ആണ്, പൊതുപരീക്ഷ...

ക്ലാസ് കുറെ പഠിക്കാനുണ്ട്, എല്ലാദിവസവും കോപ്പി എഴുതാനും വായിക്കാനും ഉണ്ട്, ഫോണിൽ നോക്കിയാണ് എഴുതുന്നത്. സിനു ടീച്ചർ തരുന്ന വർക്ക് ആണിത്.

കൊറോണ പോയാൽ എനിക്ക് സ്കൂളിലും മദ്രസയിലും പടിക്കാൻ പോകാൻ നല്ല ആഗ്രഹം ഉണ്ട്. എല്ലാം പെട്ടെന്ന് മാറണം എന്ന പ്രാർത്ഥനയോടെ.....



# இப்படிக்கு இந்தியாக்குடிமகள்



Nagadarshini. S, 8J

இந்து அல்லாதவனை வெறுக்கும்

தலைவன் எனக்கு வேண்டாம்:

தமிழன் அல்லாதவனை பழிக்கும்

தலைவனும் எனக்கு வேண்டாம்:

ஒருவன் பிராமணன் என்ற

ஒரே காரணத்திற்காக

அவனை வேறு இனத்தவனாக

பார்க்கும் அரசியல்வாதிக்கும்

வாக்களிக்க மாட்டேன்: யாதும் ஊரே

யாவரும் கேலிரென்று

எந்த பிரிவினையும் இன்றி

அனைவரையும் நேசிக்கும்

ஒருவனாக நீ இருந்தால்

வாக்களிக்க நான் தயார்!

'வசுதா ஏவ குடும்பகம் 'என்று இந்த பூமியை

ஒரே குடும்பமாய் பார்த்து,

அன்பே சிவமென்று அறிந்துகொண்டு,

உன்னைப்போல் பிறரையும் நேசித்து,

ஊழல், வறுமை, சுற்றுச்சூழல் மாசுப்பாடு, என்னும் எதிரிகளை வெல்ல தீ ஜூவாலைகளாக மாறி

மக்களுக்காக ஆட்சி செய்ய யார் தயார்?

# நட்பு



Divya P, 10 H

கவிதை உலகில் பல,

தலைப்புகளைக் கொண்டு மெல்ல மெல்ல பாதம் வைத்த நான் இன்று ஒவ்வொரு கவிதையிலும் தடம் மதிக்கிறேன்! நம் நட்பின் பெருமையை!

இந்த உலகில் ஏற்பட்ட அனைத்து

உறவுகளும் என் தாய் தந்தை ஏற்படுத்தி தந்தது....

என் நண்பர்களாகிய உங்களை உங்கள் அன்பாலும், நட்பாலும், ஆனந்தத்தாலும் நான் ஏற்படுத்திய

உறவு தான் நட்பு...!



# பள்ளி



Aswathi S, 10 H

"முதல் நாள் துவக்கத்திலும் அழுகை😭

கடைசி நாள் நிறைவிலும் அழுகை😭

நினைவில் வருகிறது அந்த நாட்கள்🤤

நினைத்தாலே இனிக்கும் பள்ளி நாட்கள்...

பதினான்கு வருடங்கள் வாழ்ந்த கூடம்

நான் பயின்ற பள்ளி கூடம்...

பள்ளி சென்ற அந்த நாட்களை.......

மறந்தால் தானே நினைப்பதற்கு....

நினைக்கவும் மறக்க மாட்டோம்,

நினைக்காமலும் இருக்க மாட்டோம்....

வேறுபாடு இல்லாத அழகிய உலகம்...

தோற்றுப்போகும் வானுலக சொர்க்கம்...

ஆசிரியர் தந்த அறிவுரைகள்...

ஆனதே வாழ்வின் நெறிமுறைகள்.....

எங்களின் இன்றைய இதயத்துடிப்பு.....

'காரணம்' எங்கள் பள்ளி படிப்பு.......



# गुरु....



Albin Nelson, 10 E

पानी के बिना नदी

बेकार है

अतिथियों के बिना आंगन

बेकार है

प्रेम न हो तो सगे- संबंधी

.बेकार है

पैसा न हो तो पाकेट

बेकार है

जीवन मे गुरु न हो तो जीवन

बेकार है

जीवन मे गुरु ज़रूर है

लेकिन !!!! गुरु नही है....



# परिवार



पी. गोविंदा अनुमोल,  कक्षा : 8 वां ए

जिस धरा में हमने जन्म लिया उसको नमन है परिवार एक धर्म है चलो भगवान से मिलाता हूं मात पिता के जैसा दुनिया में कोई खजाना ना होता दादा दादी जैसा कोई दीवाना ना होगा भाई बहन जैसी कोई मोहब्बत ना होगी बच्चों से किलकारी गूंजता  गीत पुराना ना होगा. घर एक मंदिर हैं

ഭരണഘടനാദിനാചരണം






ശാസ്ത്ര–ഗണിത–സാങ്കേതികവിദ്യ
ക്വിസ് മത്സരം സ്കൂൾതലം
UP വിഭാഗം
Shraddhamanikandan
Shamarjith
Rinsha fathima
Muhammed Hinan



ഈ മഹാമാരിക്കാലത്തും പ്രതിസന്ധികളെ
അതിജീവിച്ച് പ്ലസ്ടു പരീക്ഷയിൽ
മുഴുവൻ വിഷയങ്ങളിലും A+ നേടിയ
GHSS മേപ്പാടിയിലെ വിദ്യാർത്ഥികൾ
RAHUL ROY
Humanities
ASHILA P
Commerce
ANANYA P K
Commerce
ROHAN CHANDRAN
Commerce
SHAFNA T T
Commerce
ASNA JASMIN
Commerce
SHAIMA SHERIN
Commerce
JAHANA SHERIN
Commerce
RHISHIKESH
Commerce
FATHIMA SANIYA
Commerce
NANDANA M A
Commerce
MUHAMMED FAZIL
Commerce
അഭിനന്ദനങ്ങൾ
സ്റ്റാഫ് & പിറ്റിഎ GHSS മേപ്പാടി


ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, മേപ്പാടി
SSLC പരീക്ഷ 2020 – 21
വിജയം 312/315
ഇംഗ്ലീഷ് മീഡിയം 100% വിജയം
തമിഴ് മീഡിയം 100% വിജയം
മലയാളം മീഡിയം 99.04% വിജയം
FULL A+ 12
9 A+ : 18 , 8 A+ : 18

# என் தாய்மொழி



Ponkarthika.M,  9 G

என் தாய்மொழி

என்னைத் தாலாட்டிய மொழி,

என் இனிய தமிழ் மொழி

எண்ணமெல்லாம்நிறைந்த மொழி..

தாயை  அம்மா என்று அழைத்த போது

ஆரம்பமானது தமிழ் எனது தமிழ் பயணம். தகப்பன் சொன்ன சிறு சிறு கவிதைகளில் விரும்பினேன் என் தமிழை



ஆசான் கற்பித்ததில் அறிந்தேன் என் தமிழின் பெருமையை,

தமிழுக்கும் அமுதென்று பேர்...

தங்க தமிழே தாரணி புகழ் செம்மொழியே

தென்றல் தேரேற்றி உன்னை

அழைத்து வரும்

தேவர் குலம் சேர்ந்து வழ்த்துறைக்கும்,

கவி சொல்லும் அரங்கில் நிறைவாய் கற்றோர் கைகளில் என்றும் தவழ்வாய்,

புலவர் பாடிய புனித மொழி  என் தாய் மொழி தமிழ் மொழியே...

இப்படிக்கு தாய் மொழி.

# பழங்குடி மக்களின் வாழ்க்கை



Brundha devi. T, 9 G

பழங்குடியினர் என வகை படுத்தப்பட்ட மக்கள் தங்களுக்கு என்று தனிப்பட்ட நாகரிகம், தொன்மையான கலாச்சாரம் , மொழி பழக்க வழக்கம் என்று காலம் காலமாக பின்பற்றி, அதை சார்ந்து தங்களின் வாழ்க்கை தரத்தை அமைத்து வாழ்ந்து வருபவர்கள்.

மலைவாழ் மக்கள்,ஆதிவாசிகள் என வகைப்படுத்தப்பட்டு அறியப்படும் அவர்கள் தங்களுக்கு உரிய நிலத்தில் தங்களின் வாழ்வாதாரத்தை அமைத்து கொண்டு சவாலான இயற்கை சூழலில் வாழ பழகி கொண்டவர்கள்.

உலகம் முழுக்க மொத்தம் 370 மில்லியன் பழங்குடி மக்கள் வாழ்வதாக அறியப்படுகிறது.

இந்தியாவில் மொத்தம் 645 வகை பழங்குடியினர் வாழ்வதாகவும் அதில் தமிழகத்தில் மட்டும் 36 வகை பழங்குடியினர் வாழ்வதாகவும் புள்ளி விவரங்கள் தெரிவிக்கின்றனர்.

உலகளவில் அதிக அளவில் பழங்குடியினர் வாழும் நாடுகள் பட்டியலில் இந்தியா 2_ஆம் இடத்தில் உள்ளது.

இப்படிக்கு இந்திய பழங்குடி மக்கள்.





# पेड हमारे साथी है



റിയ പാർവിൻ, 8A

पेड लगाओ पेड लगाओ...

हरा भरा जीवन बनाओ।

छाया ये हमको देता है

फल ये हमको देते है

बाढ से हमको बचाते है

प्रदूषण दूर हटाते है

हम भी पेड लगाएगे

संसार की हरा भरा बनाएँगे....



# Prasnothari – Sanskrit



Lavanya.K J, 10 D

१. भारतस्य राष्ट्रीय पुष्पं किं ?

२  रामायणस्य कर्ता कः?

३  केरलस्य  देशीय फलं किं?

४.  कति  पुराणानि  सन्ति?

५  संस्कृत दिनं  कस्मिन् मासे भवति?

६ योगदर्शनस्य कर्ता कः?

७ कालिदासस्य वैशिष्ट्यं  किं?

८पञ्चतन्त्रं केन विरचितं?

९ महाकाव्यानि  कानि कानि?

१० भूधातोः  लङ प्रथम पुरुषः द्विवचनं किं?

११. रामायणे कति काण्डाानि सन्ति?

१३.  केरलराज्यस्य  राजपालकः कः?

१४   देशीय युवजनदिनं कस्य जन्मदिनत्वेन  आचरन्ति?

१५. महाभारत कथां अधिकृत्य कालिदासेन विरचितं  नाटकं  किं?

उत्तराणि

१  कमलं

२.  वाल्मीकि

३.  आम्रं

४.   अष्टादश

५.  श्रावणपूर्णिमा

६.  पतञ्जलि

७.   उपम

८.  विष्णुशर्मा

९.  पञ्च

१० अभवतां

११.  सप्त

१३. आरिफ् मुहम्मद् खान्

१४ स्वामि विवेकानन्दः

१५ अभिञ्जानशाकुन्दलं

# e-wave News

ഗവ. ഹൈസ്കൂൾ മേപ്പാടി

30 ജൂൺ 2021

## ഇനി പുതിയ തുടക്കം

### പ്രവേശനോത്സവം ആഘോഷിച്ചു


[illegible]



## വികസന സെമിനാർ നടത്തി

[illegible]







## വായനാവാര മത്സരവിജയികൾ



[illegible]

## പരിസ്ഥിതി ദിനാഘോഷം


[illegible]





[illegible]

e-wave [illegible]



## വായനാവാരം ആചരിച്ചു

[illegible]

### Reading Week Celebration

In order to inculcate reading habits in students, "The Reading Week" was held this year from june 19 to june 25. There are various activities conducted during the week -long celebrations. Students reviewed the books and prepared its analysis. Some students prepared videos on the life of literary legendaries. They presented speeches on the importance of reading and made inspirational posters. The students enthusiastically participated in the activities and made the week a huge success.



[illegible] SPC [illegible]

[illegible]



വ്യത്യസ്തമായ പരിപാടികളിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ !!!



## ക്ലാസ് പി. ടി. എ. യോഗം കൂടി

[illegible]


e-wave news
GHS MEPPADI
ഗവ. ഹൈസ്കൂൾ മേപ്പാടി
31 ജൂലായ് 2021
ഫുൾ A+
S.S.L.C.
പ്രശംസനീയം !!!
2021
100% വിജയം
100% വിജയം
99.04% വിജയം
FULL A+ 12
9 A+ : 18 , 8 A+ : 18
മേപ്പാടി ഹൈസ്കൂളിന് ചരിത്രവിജയം
ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷയ്ക്ക് മേപ്പാടിഗവ ഹൈസ്കൂൾ ഉന്നത വിജയം കരസ്ഥമാക്കി. 96.6% ആണ് ഈ വർഷത്തെ വിജയശതമാനം. പരീക്ഷയെഴുതിയ 315 പേരിൽ 312 പേരും വിജയിച്ചു. വിജയശതമാനം 99.04 %. 12 പേർ ഫുൾA+ നേടി. 18 പേർ വീതം 9 എപ്ലസും 8 എ പ്ലസും നേടി. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന തോട്ടം തൊഴിലാളികളുടേയും ഗോത്രവിഭാഗത്തിലെയും കുട്ടികളാണ് ഈ സ്കൂളിൽ പഠനം നടത്തുന്നത്. ഒട്ടേറെ പരിമിതികളെ അതിജീവിച്ചാണ് ഈ കുട്ടികൾ പരീക്ഷയെഴുതിയത്.
ചാന്ദ്രദിനാചരണം
സജീവമായ ഊര് പഠനകേന്ദ്രങ്ങൾ
ഓൺലൈൻ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു
പെൺകുട്ടികൾക്ക് കരുതലാകാൻ
ലോകജനസംഖ്യാദിനാചരണം
ക്ലബ്ബുകളുടെ ഉദ്ഘാടനം
ബഷീർ അനുസ്മരണം
വിവിധ ദിനാചരണവിജയികൾ

# e-wave news

## ഗവ. ഹൈസ്കൂൾ മേപ്പാടി

31 ആഗസ്റ്റ് 2021

പത്രത്താളിൽ നിന്നും. .

### മേപ്പാടി സ്കൂളിന്റെ ഭാഗ്യം തെളിഞ്ഞു: സയൻസ് മ്യൂസിയം യാഥാർഥ്യമാകുന്നു



ആഗസ്റ്റ് 15, 2021

75-ാം സ്വാതന്ത്ര്യ ദിനം



### ഓണപ്പരീക്ഷയും ക്ലാസ് പി. ടി. എ. യും നടന്നു

വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്തി പിന്തുണാപ്രവർത്തനങ്ങൾ കൊടുക്കുക എന്ന ലക്ഷ്യത്തോടെ എല്ലാക്ലാസുകളിലും ഓണപ്പരീക്ഷ നടന്നു. തുടർന്ന് ക്ലാസ് പിടിഎ നടത്തുകയും രക്ഷിതാക്കളുമായി ഹെഡ്മാസ്റ്ററും അധ്യാപകരും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

### പ്രസംഗമത്സരം

Jrc യുടെ നേതൃത്വത്തിൽ കേഡറ്റുകൾക്കായി നടത്തിയ സ്വാതന്ത്ര്യ ദിന പ്രസംഗ മത്സരത്തിൽ സ്കൂൾ തല ഫസ്റ്റ് പ്രൈസ് ശ്രീവിദ്യ 9 A സെക്കന്റ് പ്രൈസ് മുഹമ്മദ് സഹൽ എം കെ 10 B എന്നിവർ കരസ്ഥമാക്കി

### ശാസ്ത്രരംഗം ഉദ്ഘാടനം

[illegible]

### IED വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ നൽകി

Spc മേപ്പാടി യൂണിറ്റ് IED വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ നൽകി. ഇതിന്റെ വിതരണം സ്കൂൾ ഹെഡ്മാസ്റ്റർ മുഹമ്മദ് അഷറഫ് മാസ്റ്റർ നിർവ്വഹിച്ചു. ഷെർളി ടീച്ചർ, റീനടീച്ചർ, റുബീന ടീച്ചർ, ദിനേശൻ മാസ്റ്റർ എന്നിവർ സന്നിഹിതരായിരുന്നു

പത്രത്താളിൽ നിന്നും. . .


### ഡിജിറ്റൽ ലൈബ്രറി തുടങ്ങി



നിർധന വിദ്യാർത്ഥികൾക്കൊരു കൈത്താങ്ങ്...




### കണ്ണീർ നനവിൽ ജീവിതചിത്രങ്ങൾ



കനൽഹാവും കാഴ്ചകൾ

### ഉന്നതവിജയികളെ അനുമോദിച്ചു



Published on 31 August 2021

# e-wave news

ഗവ. ഹൈസ്കൂൾ മേപ്പാടി

30 സെപ്റ്റംബർ 2021

## മേപ്പാടിയുടെ സാംസ്കാരിക ഭൂപടത്തിൽ പട്ടുയർത്തിയ പുതിയ കെട്ടിടം

# നാടിന് സമർപ്പിച്ചു







പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം

സെപ്റ്റംബർ 14 -ാം തിയതി ചൊവ്വാഴ്ച ഉച്ചക്ക് 3:30 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഓൺലൈൻ പ്ലാറ്റ്ഫോമിൽ നിർവഹിച്ചു ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻ കുട്ടി അധ്യക്ഷനായ യോഗത്തിൽ പൊതു വിദ്യാഭ്യാസ സെക്രട്ടറി ശ്രീ. മുഹമ്മദ് ഹനീഷ് IAS സ്വാഗതം ആശംസിച്ചു മുഖ്യപ്രഭാഷണം ശ്രീ. കെ എൻ ബാലഗോപാൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി. നന്ദി ശ്രീ. കെ. ജീവൻ ബാബു IAS പൊതു വിദ്യാഭ്യാസ ഡയറക്ടർ. അതേസമയം സ്കൂളിൽ നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട കൽപ്പറ്റ നിയോജക മണ്ഡലം എം.എൽ.എ ശ്രീ. ടി. സിദ്ദിഖ് ശിലാഫലകം അനാച്ഛാദനം ചെയ്തു. വയനാട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ബിന്ദു ടീച്ചർ അധ്യക്ഷത വഹിച്ചു

## ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

വിണ്ടെടുക്കാം വിളനിലങ്ങൾ എന്ന പാഠവുമായി ബന്ധപ്പെട്ട് ജീവശാസ്ത്ര കൗൺസിലിന്റെ നേതൃത്വത്തിൽ എട്ടാം തരത്തിലെ വിദ്യാർത്ഥികൾക്ക് കൃഷിയറിവുകൾ എന്ന വിഷയത്തെക്കുറിച്ച് ഓൺലൈൻ ക്ലാസ് സംഘടിപ്പിച്ചു. അമ്പലവയൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ അഗ്രികൾച്ചർ വിഭാഗം ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. മുജീബ് റഹ്മാൻ ആണ് ക്ലാസിന് നേതൃത്വം നൽകിയത്.

## Post covide awareness class

വിദ്യാലയങ്ങൾ നവംബർ ഒന്നിന് തുറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ആരോഗ്യ സുരക്ഷാ കാര്യങ്ങളിൽ കോവിഡ് കാലത്ത് പഠനം ഫലപ്രദമായി കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും ദിശാബോധം നൽകുന്നതിന് വിംസ് ഹോസ്പിറ്റൽ മേപ്പാടി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോക്ടർമാരും നേഴ്സിങ് വിദ്യാർത്ഥികളും 22 ബുധനാഴ്ച നമ്മുടെ വിദ്യാലയത്തിൽ വെച്ച് എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും ക്ലാസ് നടത്തി

## പ്രാദേശിക ചരിത്രരചനക്ക് സമ്മാനം

വൈത്തിരി ബി ആർ സി നടത്തിയ ഹൈസ്കൂൾതല പ്രാദേശിക ചരിത്രരചന മത്സരത്തിൽ ലബ്ബ പി പി സമ്മാനം നേടി




Quantum mechanics, നാനോ ടെക്നോളജി . ഇവയെ കുറിച്ച് സംസാരിക്കാൻ അവസരം കിട്ടിയവർ





# e-wave News

ഗവ. ഹൈസ്കൂൾ മേപ്പാടി 30 നവംബർ 2021

# ഉദ്യാനവിദ്യാലയം പൂവണിഞ്ഞേ....





## കൗമാര കാല സവിശേഷതകളെ അതിജീവിക്കാം

സംസ്ഥാന വനിതാവികസനകോർപറേഷനും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി 6 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് കൗമാരകാലത്തെ ശാരീരിക പ്രശ്നങ്ങളെ എങ്ങനെ അതിജീവിക്കാം എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ്  നടത്തി. വളർച്ചാഘട്ടങ്ങളിൽ പാലിയ്ക്കേണ്ട ആരോഗ്യ ശീലങ്ങൾ, ശാരീരിക ്രയാസങ്ങളെ അതിജീവിക്കാനുതകുന്ന യോഗ തുടങ്ങിയ കാര്യങ്ങൾ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്രദമായി

## ശിശുദിനം

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നവംബർ 14 ശിശുദിനത്തോടനുബന്ധിച്ച് അഞ്ചു മുതൽ ഏഴ് വരെയുള്ള ക്ലാസിലെ കുട്ടികൾ  ശിശുദിന റാലി നടത്തുകയുണ്ടായി




തുള്ളിച്ചാടിയവർ വന്നു
എങ്ങും പുഞ്ചിരി നിറഞ്ഞു
പുസ്തകസഞ്ചിയെടുത്തു
വർണപ്പൂക്കളും വരച്ചു
കൂട്ടരെ കണ്ടു
ടീച്ചറെ കണ്ടു
പൂവിനെ തൊട്ടു
ഇനിയുമേറെയുണ്ട്
പഠിയ്ക്കാൻ . . .

## വിദ്യാകിരണം

വിദ്യാകിരണം പദ്ധതിയുടെ ഭാഗമായിഎസ്. റ്റി. വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ് വിതരണവും പരിശീലനവും നടത്തി

## പഠന പിന്തുണ

പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക്പഠനപിന്തുണ നൽകുന്നതിന്റെ ഭാഗമായി 29 തീയതിമുതൽ ക്ലാസ് ടെസ്റ്റ് ആരംഭിച്ചു

## ഭിന്നശേഷി വാരാചരണം

ഭിന്നശേഷി വാരാചരണത്തിന്റ ഭാഗമായി 30/11/2021ന GHSS മേപ്പാടിയിലെ ബസ് സ്റ്റോപ്പിൽ വെച്ച് ഗാനസന്ധ്യ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രതിനിതികൾ, PTA, സ്കൂൾ അദ്ധ്യാപകർ, എന്നിവർ പങ്കെടുത്തു. കുട്ടികൾ ഗായക അധ്യാപകർ പരിപാടികൾക്ക്നേതൃത്വം നൽകി.BRC Trainer Dolly teacher, CRC Renjith sir, special educaters, special teachersഎന്നിവർ പരിപാടിയിൽ പങ്കെടുത്തുഭിന്നശേഷി വാരാചരണത്തിന്റെ ഭാഗമായി നവംബർ 29 ന് GHSS മേപ്പാടിയിലെ പ്രത്യേക പരിഗണനയർഹിക്കുന്നവിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തുകയും അവരുടെ പരിപാടികൾ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു

## അഭിനന്ദനങ്ങൾ!



published on 30 November 2021    published by Educational Technology club ghss meppadi



# e-wave News

ഗവ. ഹൈസ്കൂൾ മേപ്പാടി

31 ഡിസംബർ 2021

## സാന്റാ 2K 21

ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി ബിഎഡ് ട്രെയിനിംഗ് അധ്യാപകരുടെനേതൃത്വത്തിൽ ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം, സാന്റയ്ക്ക് ഒരു കത്ത് എന്നീ പരിപാടികൾ സംഘടിപ്പിച്ചു. 5 മുതൽ 10വരെയുള്ള കുട്ടികൾ പങ്കെടുത്തു.

## ദേശീയ ഗണിത ശാസ്ത്ര ദിനാചരണം

ദേശീയ ഗണിത ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ നടത്തിയ ഗണിതഘോഷയാത്ര ശ്രീ ഇബ്രാഹിം മാസ്റ്റർ ഫ്ലാഗ് ഓഫ് ചെയ്തു. വിദ്യാർത്ഥികൾ തയ്യാറാക്കിയ നിർമ്മിതികളുടെ പ്രദർശനവും ഗണിത കോർണറുകളുടെ ഉദ്ഘാടനവും ശ്രീമതി മിനി ടീച്ചർ നിർവ്വഹിച്ചു. മേളയോടനുബന്ധിച്ച്, നിർമ്മാണം, ക്വിസ്, പസിൽസ് , പരീക്ഷണം, IT മേഖലകളിലായി വിവിധ കോർണറുകൾ നടത്തി. വിദ്യാർത്ഥികളിലെ ഗണിത ശാസ്ത്ര അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾഗണിതശാസ്ത്ര വിഭാഗമാണ് പരിപാടി സംഘടിപ്പിച്ചത്. ശ്രീ ദിലീപ്കുമാർ മാസ്റ്റർ, SRG കൺവീനർ ഷീല അഗസ്റ്റിൻ അനിൽ,ജപലാൽ, സിസിലി സ്മിത, മിൻജ മോഹൻ, സിന്ദു, ലിബിത, ജിൻസി, ഷാനവാസ് സംസാരിച്ചു.





## ഡ്രോപ്പ് ഔട്ട് ഫ്രീ സർവേ

ഡ്രോപ്പ് ഔട്ട് ഫ്രീ സർവേയുമായി ബന്ധപ്പെട്ട് വിദ്യാലയത്തിൽ ഈ വർഷം തുടർച്ചയായി ഹാജരാകാത്ത കുട്ടികളുടെ വീടുകൾ അധ്യാപകർ സന്ദർശിച്ചു

## എയ്ഡ്സ് ദിനാചരണം

എസ് പി സി യും ജീവശാസ്ത്ര കൗൺസിലും സംയുക്തമായി ഡിസംബർ 1ലോക എയ്ഡ്സ് ദിനം ആചരിച്ചു .റാലി സംഘടിപ്പിക്കുകയും പത്താം ക്ലാസ്സുകളിൽ എയ്ഡ്സ് ദിന സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മേപ്പാടി എസ് ഐ ശ്രീ. സിറാജുദ്ദീൻ , എസ് പി സി ചുമതലയുള്ള പോലീസ് ഓഫീസർ ശ്രീമതി.മഹിത, സ്കൂൾ സീനിയർ അസിസ്റ്റന്റ് ഷേർലി ടീച്ചർ എന്നിവർ സംസാരിച്ചു സ്കൂൾ കൗൺസിലർ ശ്രീമതി അബിന ബോധവൽക്കരണ ക്ലാസ് നടത്തി. ചടങ്ങിന് ശ്രീമതി. സീന സ്വാഗതവും ശ്രീമതി. അജിത നന്ദിയും പറഞ്ഞു.

## ശാസ്ത്ര ഗണിത സാങ്കേതിക വിദ്യ ക്വിസ് മത്സരം

കുട്ടികളിൽ ശാസ്ത്രത്തോടും ഗണിതത്തോടും സാങ്കേതികവിദ്യയോടും താൽപര്യം ജനിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച മത്സരത്തിൽ മുഹമ്മദ് അഫ്സൽ (X C) റിതിക ഷിൽ (IX A) ആൻസി റെൻസൺ (VIII C) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി വിജയികളായി. .

## ബോധവൽക്കരണ ക്ലാസ്

സംസ്ഥാന വനിതാവികസനകോർപ്പറേഷനും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പെൺകുട്ടികൾക്കായി രണ്ടാം ഘട്ട ബോധവൽക്കരണ ക്ലാസ് നടത്തി. പോഷകാഹാരവും പ്രതിരോധവും എന്ന വിഷയത്തെക്കുറിച്ചു നടത്തിയ ഈ ക്ലാസ്സിൽ രക്ഷിതാക്കളും കുട്ടികളും പങ്കെടുത്തു.

## എസ് പി സി ക്യാമ്പ് നടത്തി

2021 ഡിസംബർ 28 29 തിയതികളിൽവിദ്യാലയത്തിൽ എസ് പി സി ക്യാമ്പ് നടത്തി

## ഭരണഘടനാ ദിനാചരണം

സോഷ്യൽ സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു.. ഓൺലൈനായി നടത്തിയ മത്സരത്തിൽ ഒന്നാം സ്ഥാനം നഫീസത്തുൾ നാഫില എൻ VIII C, രണ്ടാം സ്ഥാനം അദ്നൻ ഫാരിസ് VIII-I, മൂന്നാം സ്ഥാനം കരസ്ഥമാക്കിയത് അൻഫൽ സാദത്ത് VIII-I.



നന്ദി ....

വിരൽത്തുമ്പിലൂടെ

സർഗസൗന്ദര്യം വിരിയിക്കാനുള്ള ശ്രമത്തിൽ

ഒപ്പമുണ്ടായവർക്ക്....

പ്രോത്സാഹിപ്പിച്ചവർക്ക്....

വിമർശനങ്ങളിലൂടെ

നേർവഴിതെളിച്ചവർക്ക്.....

നന്ദി.... നന്ദി .....

